മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2. (i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. രണ്ടു, മൂന്ന് പ്രധാനപ്പെട്ട പോയിന്റുകൾ മാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ പതിനെട്ടും ഇരുപതും വർഷമായി അസസ്മെന്റ് പൂർത്തിയാക്കാതെ ധാരാളം ജോലികൾ കിടക്കുകയാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തിന് 200 മുതൽ 300 കോടി രൂപ വരെ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ അസസ്മെന്റ് ജോലി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. ആ അസസ്മെന്റ് ജോലി പൂർത്തിയാകുന്നതോടുകൂടി സ്വാഭാവികമായി കെട്ടിക്കിടക്കുന്ന ഫയലുകൾ നമുക്ക് ക്ലിയർ ചെയ്യാൻ കഴിയും. അപ്പോൾ സംസ്ഥാനത്തിന്റെ എക്സ്ചെക്കറിൽ ആ തുക കൂടി വന്നുചേരും. മറ്റൊന്ന്, ഇവിടെ നെറ്റ് വർക്ക് സിസ്റ്റം ഓഫ് ഇന്റലിജൻസുണ്ട്. ചെക്ക്പോസ്റ്റുകൾവഴി അനധികൃതമായി കടത്തിക്കൊണ്ടു വന്നാൽ അതു പിടിക്കാൻ ഇന്റലിജൻസ് നെറ്റ് വർക്ക് വളരെ പോസിറ്റീവായി വർക്ക് ചെയ്യുന്നതുകൊണ്ടാണ് നമുക്ക് അതിന് ഭാഗികമായിട്ടെങ്കിലും കഴിയുന്നത്. ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം, ഈ നെറ്റ് വർക്ക് ഇന്റലിജൻസിന്റെ അടിസ്ഥാനത്തിൽ, നമ്മൾ ഒരു വസ്തു കണ്ടുകെട്ടിയാൽ, ആ എസ്റ്റിമേറ്റിനെ ചുറ്റിപ്പറ്റിയുള്ള അന്വേഷണമല്ലാതെ, ആ ഇഷ്യൂവിന്റെ അടിസ്ഥാനത്തിൽ ഇതു കൊണ്ടുവരുന്ന വ്യക്തിക്കോ, അവരുടെ സ്ഥാപനത്തിനോ എതിരായി നമ്മൾ കേസ് എടുത്ത് ആ ഫയൽ അവിടം കൊണ്ട് ക്ലോസ് ചെയ്യുന്നതല്ലാതെ അതിനപ്പുറത്തേയ്ക്ക് ഇത് പോകുന്നില്ല. നമുക്ക് 7 ചെക്ക്പോസ്റ്റുകളുണ്ട്. ആ 7 ചെക്ക്പോസ്റ്റുകൾവഴി സാധനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കടത്തിക്കൊണ്ടു വന്നാൽ ഒരു ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മൾ സാധനങ്ങൾ പിടിക്കുന്നു എന്നിരിക്കട്ടെ. പിടിക്കുന്ന സാധനങ്ങൾ കെട്ടഴിച്ച് പരിശോധിച്ച് അതിൽ നിന്ന് കിട്ടുന്ന അസ്സസ്മെന്റ് നമ്മൾ നടത്തി, ആ തുക ഗവൺമെന്റിൽ വരുന്നതല്ലാതെ കടത്തിക്കൊണ്ടു വരുന്ന സാധനത്തിന്റെ ഒറിജിനൽ റൂട്ടിനെക്കുറിച്ച് ഒരന്വേഷണവും ഇപ്പോഴും ഇല്ല. ദീർഘകാലമായി സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു തെറ്റാണ്. എവിടെ നിന്നാണ് ഈ അഴിമതി തുടങ്ങിയതെന്ന് കണ്ടുപിടിക്കാൻ നമുക്ക് കഴിയുന്നില്ല. ഇതിന്റെ റൂട്ട് കണ്ടുപിടിക്കാത്തിടത്തോളം കാലം ഈ പ്രശ്നം ഒരു വ്യക്തിയേയോ ഒരു സ്ഥാപനത്തേയോ പിടിച്ചതുകൊണ്ടുമാത്രം ഒഴിവാകുന്നില്ല. ഇത് ഒഴിവാക്കണമെങ്കിൽ നിശ്ചയമായും അതിന്റെ റൂട്ടിലേയ്ക്ക് നമുക്ക് പോകാൻ കഴിയണം. ആ റൂട്ടിലേയ്ക്ക് ചികിൽസ നടത്തുന്നില്ലെങ്കിൽ പിന്നെ പ്രയോജനം എന്താണ്? അതു നടത്തുന്നതിനുവേണ്ടി നമ്മുടെ നെറ്റ് വർക്ക് സിസ്റ്റം ഓഫ് ഇന്റലിജൻസിനെ ശക്തിപ്പെടുത്തുകയും അവിടെ നിന്ന് ലഭിക്കുന്ന ഇൻഫർമേഷൻ നമുക്ക് കിട്ടിയ ഒരു പ്രധാനപ്പെട്ട രേഖയായി എടുത്തുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ താഴേയ്ക്ക് അന്വേഷണം വിപുലപ്പെടുത്തുകയും ചെയ്യണം. ആ രൂപത്തിലേയ്ക്ക് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിനെ വിപുലപ്പെടുത്താൻ കഴിയണം. മറ്റൊന്ന്, നമ്മുടെ 7 ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തണം. അവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി ഭാഗീകമായി എടുത്തപ്പോൾ തന്നെ മറ്റു റൂട്ടുകളിലേയ്ക്ക് സാധനങ്ങൾ കയറ്റിക്കൊണ്ടു വരുന്നതിന്റെ പത്രവാർത്തകൾ ധാരാളംവന്നു കൊണ്ടിരിക്കുന്നു. പാലക്കാടുള്ള പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെല്ലാം ക്രോസ് ചെയ്ത് അതുവഴി കടത്തിക്കൊണ്ടിരിക്കുന്ന കള്ളക്കടത്ത് ഒഴിവാക്കുന്നതിന് വേണ്ടി ഗവൺമെന്റ് വളരെ പോസിറ്റീവായ നടപടി എടുത്തപ്പോൾ തൊട്ടടുത്തുള്ള ഇട റൂട്ടുകളിലൂടെയെല്ലാം കയറി വരുന്നതിന്റെ വാർത്തകൾ പത്രത്തിൽ വന്നുകൊണ്ടിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ചെക്ക്പോസ്റ്റുകളെക്കുറിച്ചാണല്ലോ സംസാരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ സമരകാലത്ത് ചെക്ക്പോസ്റ്റുകളിലെ ആളുകൾ സമരത്തിലായിരുന്നതുകൊണ്ട് താൽക്കാലികാടിസ്ഥാനത്തിൽ മറ്റു ക്രമീകരണങ്ങൾ ഗവൺമെന്റ് ചെയ്തിരുന്നു. അന്ന് അതിനു തൊട്ടു മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വരവ് ഈ ചെക്ക്പോസ്റ്റുകളിൽ ഉണ്ടായിട്ടുണ്ട് എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : രണ്ടു ബുദ്ധിമുട്ടുകളുണ്ട്. ഒന്ന്, നമ്മുടെ ഡ്രൈ ഡോക്കിലേയ്ക്ക് വെള്ളം ഇരച്ചുകയറിയപ്പോഴുണ്ടാകുന്നതു പോലെയാണ്. അവിടെയുണ്ടായിരുന്ന തടസ്സം പോയപ്പോൾ എല്ലാം ഇങ്ങോട്ട് ഇടിച്ചു കയറുകയാണ്. ആർക്കും അത് തടഞ്ഞുനിർത്താൻ കഴിയുകയില്ല. ചെക്ക്പോസ്റ്റുകളിൽ നമുക്ക് വളരെ ഫലപ്രദമായ നടപടികൾ എടുക്കാൻ പറ്റിയെന്നു മാത്രമല്ല, യു.ഡി.എഫ്. ഗവൺമെന്റ് ചെക്ക്പോസ്റ്റുകളിൽ അന്വേഷിച്ചപ്പോൾ, ചെക്ക്പോസ്റ്റുകൾക്കകത്തു നിന്നു കിട്ടിയ തുകയുടെ സംഖ്യയൊക്കെ ഉൾപ്പെടുത്തുന്ന രൂപത്തിൽ ഉള്ളതായി വന്നു. ഇക്കാര്യത്തിൽ ഞാൻ ഗവൺമെന്റിനേയും മന്ത്രിയേയും അഭിനന്ദിക്കുകയാണ്. പക്ഷേ ഏതെങ്കിലും ഒരു ഓണക്കാലത്തുമാത്രം ചെയ്യുന്ന ഒരു നടപടിയായി ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തരുത്. എപ്പോഴും ഗവൺമെന്റ് ഇതിൽ വളരെ വിജിലന്റാണെന്നുള്ള തോന്നൽ വേണം. ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനെ പരിശോധിക്കാൻ ചില നടപടികൾ എടുക്കുന്നു എന്ന് ആ ഉദ്യോഗസ്ഥന് തോന്നണം. അതിന്റെ റെസ്പോൺസിബിലിറ്റി നമുക്ക് ഫിക്സ് ചെയ്യാൻ കഴിയണം. അതു കഴിയാതെ പോയാൽ സ്വാഭാവികമായും ഈ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്.

ശ്രീ. തമ്പാനൂർ രവി : പ്രധാനപ്പെട്ട ചോർച്ച എന്നു പറയുന്നത് ചെക്ക്പോസ്റ്റുകളിലാണ്. അതിന്റെ കാരണങ്ങളിലൊന്ന്, അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ആവശ്യത്തിന് സ്റ്റാഫില്ലാത്തതുമാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതു പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞത് വസ്തുതയാണ്. ഗവൺമെന്റ് നടത്തിയ റെയ്ഡിന്റെ അടിസ്ഥാനത്തിൽ പിടിച്ചപ്പോൾ ചില ഉദ്യോഗസ്ഥൻമാർ ലോഡ്ജിൽ പോയി താമസിച്ചു, ചില ആളുകൾ അങ്ങനെ താമസിക്കാൻ പറ്റാത്തതുകൊണ്ട് പാക്കറ്റിൽ തന്നെ സൂക്ഷിച്ചു. അങ്ങനെയൊക്കെ സംഭവങ്ങളുണ്ടായതായി പത്രങ്ങളിൽ കാണുകയുണ്ടായി. ചെക്ക്പോസ്റ്റിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് മിതമായ തോതിലുള്ള സൗകര്യങ്ങളെങ്കിലും ചെയ്തുകൊടുക്കേണ്ട, അവർക്ക് വർക്ക് തൃപ്തികരമായി ചെയ്തുകൊടുക്കുന്നതിനു വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കണ്ടേ? സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന 7 ചെക്ക്പോസ്റ്റുകളിൽ ഉള്ളവർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അതോടൊപ്പം തന്നെ അനധികൃതമായി പണപ്പിരിവ് നടത്തിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരായി ശക്തമായ നടപടി എടുക്കാനും തയ്യാറാകണം. ഇതൊരു ബാലൻസാണ്. രണ്ടും ഒരുപോലെ ഡീൽ ചെയ്യാൻ കഴിയണം. അവിടെയുള്ള ഉദ്യോഗസ്ഥൻമാർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കണമെന്നുള്ള കാര്യത്തിൽ സഭയിലുള്ള ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ കിട്ടിയിരിക്കുന്ന സൗകര്യം വിനിയോഗിച്ചുകൊണ്ട് അനധികൃതമായ രൂപത്തിൽ ഈ സംസ്ഥാനത്തെ അവർ ചൂഷണം ചെയ്യുന്നുണ്ടെങ്കിൽ അതിനെതിരായിട്ടുള്ള ശക്തമായ നിയമനടപടികളും ഉണ്ടാകണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : താൽക്കാലിക സംവിധാനം സർക്കാർ ഖജനാവിൽ വരുമാനവർദ്ധനവുണ്ടാക്കിയ അനുഭവത്തിൽ നിന്ന് അത്തരം സംവിധാനം തുടർന്നുപോകുന്നതല്ലേ വരുമാനവർദ്ധനവുണ്ടാക്കാനും ചോർച്ച തടയാനും ഫലപ്രദമായ നടപടി. ആ സംവിധാനം ബലപ്പെടുത്തി , കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ടുപോകുന്നതല്ലേ നല്ലത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം, ഗവൺമെന്റ് റീ-ഡിപ്ലോയ്മെന്റിന്റെ കാലഘട്ടത്തിൽ നിൽക്കുകയാണ്, പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിനുവേണ്ടി ആളുകൾ അപ്ലിക്കേഷൻ കൊടുക്കുന്ന കാലമാണ്. ഗവൺമെന്റ് അത്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കണം. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് നിയമനം കിട്ടാൻവേണ്ടി എത്രയോ ആപ്ലിക്കേഷനുകൾ ഗവൺമെന്റിന്റെ കൈയിലുണ്ട്. അത് നമ്മുടെ മുമ്പിൽ ഒരു ഇൻഡിക്കേഷൻ ആകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. എന്തുകൊണ്ടാണ് അങ്ങനെ വരുന്നത്? അവർ മേച്ചിൽ സ്ഥലംതേടി പോകുന്നതാണ്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ മാത്രമല്ല, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റുപോലുള്ള എറ്റവും കൂടുതൽ വരുമാനം കിട്ടുന്ന സ്ഥലങ്ങളിൽ, മേച്ചിൽ സ്ഥലത്തുപോയി ഇരിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം ആളുകളിൽ കാണുന്നില്ലേ, ആ ഉദ്യോഗസ്ഥരിൽ കാണുന്നില്ലേ? എന്തുകൊണ്ടാണ്? അപ്പോൾ ഇവിടെ ചില പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കി ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിയണം.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, സംസ്ഥാനത്തിന് എറ്റവും കൂടുതൽ വരുമാനമുണ്ടാക്കിത്തരുന്ന ചെക്ക്പോസ്റ്റാണ് പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക് പോസ്റ്റ്. മുൻകാലങ്ങളിൽ എന്ത് അസൗകര്യങ്ങളുണ്ടെങ്കിലും എത്ര ഓവർടൈം ജോലിയും ചെയ്യാൻ തയ്യാറായി പല ജീവനക്കാരും അവിടെ പോസ്റ്റിംഗ് കിട്ടുന്നതിനുവേണ്ടി പല നിലയിൽ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ അടുത്ത കാലത്ത് അനധികൃത കൈക്കൂലിയുണ്ടാക്കുന്നത് നിയന്ത്രിക്കുകയും പിടിക്കുകയും ചെയ്തപ്പോൾ അത്തരം ചെക്ക്പോസ്റ്റുകളിലേയ്ക്ക് ജീവനക്കാരുടെ തള്ളില്ലെന്ന് മാത്രമല്ല, നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ആവശ്യത്തിന് നൽകേണ്ടുന്ന സൗകര്യങ്ങളില്ലാത്തതുകൊണ്ട് പലരും ബുദ്ധിമുട്ടുന്നുണ്ട്. ഓവർടൈം എടുക്കാൻ കഴിയാത്ത അവസ്ഥയും വന്നിട്ടുണ്ട്. ഇതൊക്കെ അനധികൃത പിരിവ് ഇല്ലാതാക്കിയതുകൊണ്ടാണോ? അവിടുത്തെ സ്ഥിതി മെച്ചപ്പെടുത്താൻ ജീവനക്കാർക്കാവശ്യമായ സൗകര്യങ്ങൾ എർപ്പെടുത്തി കൊടുക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഗവൺമെന്റു പറയുന്നത് പാലക്കാട് ചെക്ക് പോസ്റ്റിൽ വളരെ സത്യസന്ധമായും കാര്യക്ഷമമായും ചില നടപടികളെടുത്തിട്ടുണ്ടെന്നാണ്. അങ്ങനെ നടപടികളെടുക്കുകയും ചില റെയ്ഡുകളൊക്കെ നടത്തുകയും ചെയ്ത് അവിടുത്തെ ഉദ്യോഗസ്ഥരിൽ ഒരു ഭയപ്പാടുണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ സാധാരണ ഗതിയിൽ പാലക്കാട് ചെക്ക്പോസ്റ്റ്, നമ്മൾ കോയമ്പത്തൂർ കടന്നുപോകുമ്പോൾ ആ വഴി ചില സന്ദർഭത്തിൽ നമുക്ക് പോകാൻപോലും കഴിയില്ല. റോഡുമുഴുവൻ ബ്ലോക്കാണ്. ആ റോഡ് ബ്ലോക്ക് എന്തുകൊണ്ടാണുണ്ടാകുന്നത്? ഓരോ വണ്ടിയും പിടിച്ചിടുകയാണ്, എന്നിട്ട് നിശ്ചിത തുകയടച്ച് ആ വണ്ടി ആരുമറിയാതെ ഇറക്കിക്കൊണ്ടു പോവുകയാണ്. ഇപ്പോൾ ഈ അടുത്ത കാലത്തായി അതുപോലുള്ള സംഭവങ്ങൾ കുറഞ്ഞു. മനുഷ്യന് ഭയപ്പാടില്ലാതെ വാളയാർ ചെക്ക് പോസ്റ്റുവഴി കടന്നുപോകാൻ കഴിയുന്ന രൂപത്തിലേയ്ക്ക് അവിടുത്തെ ട്രാഫിക്കിൽപോലും കുറവുണ്ടായി എന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. ആ യാഥാർത്ഥ്യം നമ്മൾ നോക്കുമ്പോൾ തന്നെ 100% വാട്ടർ പ്രൂഫായി നമ്മളിത് ചെയ്തു എന്നു ഞാൻ പറയുന്നില്ല, കാരണം എപ്പോഴും പഴുതുകൾ കണ്ടെത്തി കുഴപ്പങ്ങൾ കാണിക്കാൻ ശ്രമിക്കുന്ന ആളുകളായിരിക്കും ധാരാളമുണ്ടാവുക. അതോടൊപ്പംതന്നെ ആ പഴുതുകൾ അടയ്ക്കുന്നതിന് നമ്മൾ ശ്രമിക്കണം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഇന്നുണ്ടായിരിക്കുന്ന പ്രശ്നം ഈ കള്ളക്കടത്തു സാധനം മുദ്രാവാക്യം വിളിച്ച് ആളുകൾ കൊണ്ടുവരികയല്ലല്ലോ. ഏറ്റവും അത്യന്താധുനികമായ സൗകര്യങ്ങളുപയോഗിച്ച്, ആ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ, ഇന്നിപ്പോൾ മൊബൈൽ വിപ്ലവമുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലമാണ്. മുന്നിലോടുന്ന വണ്ടി മൊബൈലുമായി പോകുകയും, പുറകിൽ വരുന്ന ലോറിയിൽ മൊബൈലിൽ നിർദ്ദേശം കൊടുക്കുകയും ചെയ്ത് എല്ലാ അന്തരീക്ഷവും ക്ലീനാണെന്നു കാണിച്ച്, ഗ്രീൻ സിഗ്നൽ കൊടുത്ത് സാധനങ്ങൾ കടത്തിക്കൊണ്ടു വരുന്ന സമ്പ്രദായത്തിന് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുകയാണ്. അങ്ങനെയുള്ള അത്യന്താധുനികരായ കള്ളക്കടത്തുകാർ ഇത്തരം ചെക്ക്പോസ്റ്റുകൾ വിനിയോഗിക്കാൻ സാധ്യതയുള്ളപ്പോൾ അവിടെയുള്ള സെയിൽസ് ടാക്സിലെ ഉദ്യോഗസ്ഥൻമാർക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നമ്മൾ നടപടി എടുക്കണ്ടേ? ഈ സംസ്ഥാനത്തിന്റെ നട്ടെല്ലാണത്, ആ നട്ടെല്ലിനെ ചൂഷണം ചെയ്യാൻ നമുക്ക് അനുവദിച്ചുകൂടാ. അതുകൊണ്ട് നിശ്ചയമായും ഇതുപോലുള്ള സംവിധാനങ്ങളെ നേരിടത്തക്ക വിധത്തിൽ നമ്മൾ മുന്നോട്ടു പോകണം. ദൗർഭാഗ്യവശാൽ നമ്മുടെ ചെക്ക്പോസ്റ്റുകളിലിരിക്കുന്ന, സത്യസന്ധമായി ജോലി ചെയ്യുന്ന ഒരു വ്യക്തിക്ക് ഇങ്ങനെയുള്ള ആളുകളെ പിടിക്കാൻ ഇന്നത്തെ ഈ സൗകര്യക്കുറവ് വളരെ പരിമിതമായ സാഹചര്യമുണ്ടാക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് അംഗീകരിക്കണം.

ശ്രീ. പി. ടി. തോമസ് : സർ, ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇവിടെ വളരെ ഗൗരവമായി സംസാരിക്കുകയാണല്ലോ. വളരെ വർഷങ്ങളായി നമ്മുടെ ചെക്ക്പോസ്റ്റുകൾ വമ്പൻ സ്രാവുകൾക്ക് രക്ഷപ്പെട്ടുപോകാനും ചെറുകിട മീനുകൾമാത്രം വല്ലപ്പോഴും പിടിക്കപ്പെടാനുമുള്ള ഒരു കേന്ദ്രമായി മാറിയിരിക്കുന്ന ഒരു സത്യം അങ്ങ് കാണുന്നില്ലേ? ഇപ്പോൾ കേരളത്തിൽ തന്നെ ഏതു ഗവൺമെന്റു വന്നാലും വളരെ ചുരുക്കമായിട്ടേ ഇത്തരം കേസുകൾ പിടിക്കപ്പെടുന്നുള്ളൂ. അതിൽ ഈ ഗവൺമെന്റു വന്നതിനുശേഷം കുറെ മാറ്റമുണ്ടായിട്ടുണ്ട് എന്നു സമ്മതിച്ചുകൊണ്ടുതന്നെ ഞാൻ ചോദിക്കുന്നു അതിന് സൗകര്യപ്രദമായ കൂടുതൽ നടപടികൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് അങ്ങേയ്ക്ക് മുന്നോട്ടുവയ്ക്കാനുള്ളത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടുത്തെ പ്രധാനപ്പെട്ട പ്രശ്നം നിയമപരമായ ചെക്ക്പോസ്റ്റുകളിൽക്കൂടി അനധികൃതമായി കടത്തിക്കൊണ്ടു വരുന്ന വസ്തുക്കളാണ് നമുക്ക് കണ്ടെത്താൻ കഴിയുന്നത്. കേരളത്തിന്റെ അതിർത്തിയിൽ നിയമപരമായ ചെക്ക്പോസ്റ്റുകളിൽ മാത്രമേ ഇതുപോലുള്ള സാധനങ്ങളുടെ മൂവ്മെന്റ് നടക്കുകയുള്ളോ? അല്ലല്ലോ? അല്ലാത്ത എത്രയെല്ലാം സാധ്യതകളുണ്ട്? ആ സാധ്യതകൾ അടയ്ക്കാനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണമെന്നു തന്നെയാണ് ഞാൻ പറഞ്ഞത്. പുതിയ ഒരു നഷ്ടംകൂടി നമ്മുടെ മുന്നിൽ ഇപ്പോൾ വരികയാണ്. നമ്മുടെ അതിർത്തി പ്രദേശമെന്നു പറയാൻ കഴിയുന്ന കടലും അതിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമായി നിൽക്കുകയാണ്. വിമാനം വഴി വരുന്ന ചില ഐറ്റംസുമുണ്ട്. കടൽ വഴി കടത്തിക്കൊണ്ടു വരാൻ പറ്റുന്ന സാഹചര്യവുമുണ്ട്. എല്ലാ രൂപത്തിലും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ എക്സസ്സ് ഉണ്ടാവുകയാണ്. നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് എന്തു നടപടി എടുക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ പരിശോധിക്കണ്ടേ? അപ്പോൾ കേരളം മൊത്തത്തിൽ ഒരു യൂണിറ്റായി എടുത്ത് അതിനു പുറത്തുനിന്ന് അധികൃതമായ രൂപത്തിലല്ലാതെ മറ്റ് ഉല്പന്നങ്ങൾ വരാൻ കഴിയാത്ത രൂപത്തിലേയ്ക്ക്, വിപുലമായ ഒരു മേഖലയിലേയ്ക്ക് നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ ഉയർത്താൻ ഈ പരിമിതമായ സാമ്പത്തിക സാഹചര്യം മാത്രമുള്ളപ്പോൾപ്പോലും ഗവൺമെന്റ് മുൻകൈ എടുക്കണം. അങ്ങനെ മുൻകൈ എടുക്കുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരണം. എങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനം രക്ഷപ്പെടുകയുള്ളൂ.

ശ്രീ. എ. കെ. മണി : സർ, എന്റെ മണ്ഡലത്തിൽ ധാരാളം ഏലക്കായ് ട്രാൻസ്പോർട്ടില്ലാതെ തന്നെ തലച്ചുമടായി കടത്തിക്കൊണ്ടു പോവുകയാണ്. അങ്ങനെ കൊണ്ടുപോകുന്നത് നിയന്ത്രിക്കുന്നതിന് ഗവൺമെന്റിന് ഒരു പ്രത്യേക സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഏലക്കായ് കൊണ്ടുപോകുന്ന കാര്യം മാത്രമല്ല, നമ്മുടെ കണ്ണൂർ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്താണ് ? അവിടുത്തെ പ്രധാന പ്രശ്നം കശുവണ്ടി തലച്ചുമടായി കൊണ്ടു വരുന്നു എന്നുള്ളതാണ്. അതാണ് ഞാൻ പറഞ്ഞത് കേരളത്തിൽ അധികൃതമായി തുറന്നുവച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമാണ് ചെക്ക്പോസ്റ്റുകളുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഈ കള്ളക്കടത്തു കൊണ്ടുവരാൻ കഴിയുന്ന ആളുകൾക്ക് പറുദീസയായി കൊണ്ടുവരാൻ തുറന്നു കൊടുക്കുന്ന സാഹചര്യമുണ്ടാകരുത്. അതുണ്ടാകാതിരിക്കാനാണ് കേരളം ഒരു യൂണിറ്റായി എടുത്ത് നമുക്ക് വിപുലമായ ഒരു പദ്ധതി വേണമെന്നു പറഞ്ഞത്. എനിക്ക് ഒരു നിർദ്ദേശം കൂടിയുണ്ട്. ഇപ്പോൾ സത്യം പറഞ്ഞാൽ നമ്മുടെ ടി.വി. തുറന്നാൽ കാണുന്ന ഏറ്റവും വലിയ പരസ്യമെന്താണ്? സ്വർണ്ണപ്പണിക്കാരുടെ, സ്വർണ്ണ കച്ചവടക്കാരുടെ പരസ്യം കൊണ്ട് നമ്മുടെ ദൃശ്യമാധ്യമങ്ങളെല്ലാം നിറഞ്ഞുനിൽക്കുകയല്ലേ? അത്രയുംവലിയ പരസ്യം കൊടുക്കത്തക്ക വിധത്തിൽ എങ്ങനെ നമ്മുടെ സ്വർണ്ണക്കച്ചവടക്കാർക്ക് നിയമപരമായി പണമുണ്ടാക്കാൻ കഴിയുന്നു എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ ? അത് നമ്മൾ ആലോചിക്കേണ്ടതല്ലേ ? നേരത്തേ ശ്രീ. പി.ടി. തോമസ് പറഞ്ഞതുപോലെ തന്നെ വമ്പൻ സ്രാവുകൾ എന്നു പറയുന്ന ഇനത്തിൽ ഇതുപെടുമോ എന്നെനിക്കറിയില്ല. പക്ഷേ വമ്പൻ സ്രാവിന് ഒരു കൊമ്പുകൂടി വച്ചാൽ ആ ഇനത്തിലായിരിക്കും ഇത് വരാൻപോകുന്നത്. അങ്ങനെ ഈ വമ്പൻ സ്രാവുകൾ ഈ സമൂഹത്തിൽ നിന്നും കൊയ്തെടുക്കുന്ന പണത്തിന് എന്തെങ്കിലും കണക്കുണ്ടോ ? അവിടെ ചിറ്റുകൊടുത്ത് ആളുകൾക്ക് സ്വർണ്ണം കൊടുക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുകയല്ലേ ? കാലാകാലങ്ങളായി അത് നിലനിന്നു പോരുകയല്ലേ ? അതിനെതിരായി എന്തെങ്കിലും നടപടി എടുക്കണ്ടേ? കേരളത്തിലെ ഗവൺമെന്റിനെ പുഷ്ടിപ്പെടുത്താൻ, സ്വർണ്ണ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന, സ്വർണ്ണ വിപണിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ കള്ളക്കളി നമുക്ക് ഒഴിവാക്കാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ഇവിടെ സ്വർണ്ണാഭരണങ്ങളെ സംബന്ധിച്ചു പറഞ്ഞു. നമ്മുടെ കേരളത്തിൽ വ്യാപകമായി ബോംബെയിലും അതുപോലെ മറ്റു വൻ പട്ടണങ്ങളിലുമൊക്കെ രൂപകല്പന ചെയ്തിട്ടുള്ള സ്വർണ്ണം ഇവിടെ സ്വർണ്ണക്കടകളുടെ സമീപത്തു കൊണ്ടുവന്നിട്ട്, സ്വർണ്ണക്കടകളിലേയ്ക്ക് കയറുന്ന ആളുകളെ കൈകാട്ടി വിളിച്ച് മടിയിൽ വച്ചിരിക്കുന്ന സ്വർണ്ണം ടാക്സില്ലാതെ അവർക്ക് കൊടുക്കുന്നു. നമ്മുടെ കേരളത്തിൽ വ്യാപകമായി ഇങ്ങനെയൊരു വില്പന നടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ മാത്രമല്ല, ഇവിടെ ബോംബെയിൽ നിന്നും വരുന്ന മാർവാഡിമാരുടെ കേരിയേഴ്സുണ്ട്. അവർ സ്വർണ്ണം സ്വർണ്ണ ബിസ്ക്കറ്റായിട്ടല്ല കൊണ്ടു വരുന്നത്, അവർ സ്വർണ്ണം പണിത് ആഭരണങ്ങളാക്കി കൊണ്ടുവരികയാണ്. ഈ ആഭരണം കൊണ്ടുവന്ന് കേരളത്തിൽ വില്പന നടത്തുകയും സ്വർണ്ണ കച്ചവടക്കാർക്ക് കടയ്ക്കകത്തും പുറത്തും അവർ കൊടുക്കുകയും ചെയ്യുന്നു. പക്ഷേ നമ്മുടെ സംസ്ഥാനത്തിനു കിട്ടേണ്ടുന്ന ടാക്സ് മാത്രം ഇവിടെ കിട്ടില്ല എന്ന പ്രശ്നമാണുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സ്വർണ്ണ കച്ചവടക്കാരുടെ വളരെ കണ്ണഞ്ചിപ്പിക്കുന്ന, ആകർഷകമായ പരസ്യം ടി.വി.യിലും സിനിമാ തിയേറ്ററുകളിലുമെല്ലാം വളരെ പണം ചെലവഴിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. വിളംബരം തുടങ്ങി പല സിനിമകളിലും അങ്ങനെയുള്ള പരസ്യങ്ങളുണ്ട്. ഇപ്പോൾ ഗവൺമെന്റുതന്നെ കൊച്ചിയിൽ വച്ചു നടത്തിയ ആഗോള നിക്ഷേപക സമ്മേളനത്തിൽ ഒപ്പുവച്ച കരാറുകളുടെ അടിസ്ഥാനത്തിൽ ജിമ്മിന്റെ റിസൾട്ടായി ആദ്യം ആരംഭിച്ചത് ശ്രീ. ജോയിയുടെ മണ്ഡലത്തിൽ അങ്കമാലിയിൽ സ്വർണ്ണക്കച്ചവടവുമായി ബന്ധപ്പെട്ട ഒരു സ്ഥാപനമായിരുന്നു. അത് ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയും പാർലമെന്ററികാര്യ വകുപ്പു മന്ത്രിയുമൊക്കെയാണ്. അപ്പോൾ ജിം സമ്മേളനത്തിന്റെ റിസൾട്ടായി ആദ്യത്തെ സംരംഭമായി ആ സ്വർണ്ണ കച്ചവട സ്ഥാപനം ഉദ്ഘാടനം ചെയ്തതുതന്നെ നിങ്ങൾ ഗവൺമെന്റ് ലെവലിൽ പരസ്യം കൊടുത്തു തന്നെയാണ് എന്നുള്ള കാര്യം ശരിയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം.." നമ്മുടെ സംസ്ഥാനത്തെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് അപ്പുറവും ഇപ്പുറവും എന്നില്ലാതെ, കക്ഷിഭേദമില്ലാതെ അഭിപ്രായം പറയുവാൻ പറ്റുമോ എന്നുള്ളതാണ് പ്രശ്നം. ഒരു കൂട്ടർ ഇതിനെ അനുകൂലിക്കുമ്പോൾ വേറൊരു കൂട്ടർ ഇതിനെ പ്രതികൂലിക്കുന്നു. നമ്മൾ ടാക്സ് പിരിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നു പറയുമ്പോൾ, ടാക്സ് പിരിയ്ക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല എന്നു വരുത്തി തീർത്തുകൊണ്ട് ഇങ്ങനെ പറഞ്ഞല്ലോ എന്നു പറഞ്ഞുകൊണ്ട്, സംശങ്ങൾ ഉന്നയിച്ച്, "പക്ഷേ" പറഞ്ഞുകൊണ്ട് വീണ്ടും അവർക്ക് സാഹചര്യങ്ങൾ ഒരുക്കരുത്. നമ്മെ സംബന്ധിച്ചിടത്തോളം "ജിം" എന്നുപറയുന്നത് വളരെ വലുതാണ്. "ജിം" എന്നു പറഞ്ഞാൽ സ്വർണ്ണ കച്ചവടം എന്നൊന്നും അല്ല അർത്ഥം . കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പുതിയ

നൂറ്റാണ്ടിൽ, കോടാനുകോടി വരുന്ന പാവപ്പെട്ട കുട്ടികൾ പണി കിട്ടാതെ അലഞ്ഞുതിരിഞ്ഞ് മറ്റൊരു രാജ്യത്തു പോയി പ്രവാസിയായി നിൽക്കുമ്പോൾ, അവരെ മടക്കിക്കൊണ്ടുവരാൻ കഴിയുമോ എന്നുള്ള വളരെ അസാധാരണമായ വെല്ലുവിളിയുമായി കേരളത്തിലെ മുഖ്യമന്ത്രിയും ഗവൺമെന്റും മുന്നോട്ടു പോകുകയാണ്. നിങ്ങൾ അതിനെ നിസ്സാരവൽക്കരിക്കരുത്. ജിമ്മിന്റെ വികാരത്തിന്റെ പേരിൽ തമസ്ക്കരിക്കുകയും ജിമ്മിന്റെ വികാരത്തെ തകർക്കുന്നതിനുവേണ്ടി ശ്രമിക്കുകയുമാണ് നിങ്ങൾ ചെയ്യുന്നത് അഞ്ചു കൊല്ലം കഴിയുമ്പോൾ ഉണ്ടാകുന്ന രാഷ്ട്രീയ നേട്ടം കൊയ്യുന്നതിനുവേണ്ടി ആകരുത് എന്നു അങ്ങയെപ്പോലെ പ്രഗൽഭനായ ഒരു പാർലമെന്റേറിയനോട് ഞാൻ ഓർമ്മിപ്പിക്കേണ്ട കാര്യമില്ല എന്ന് എനിക്ക് അറിയാം.അങ്ങ് വളരെ രാജ്യസ്നേഹമുള്ള ആളാണ്. അങ്ങയെപോലുള്ള ഒരാൾ ഈ രൂപത്തിൽ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിക്കരുത്. അങ്ങ് ചോദിച്ച ഒരു പ്രസക്തമായ ചോദ്യം ഉണ്ട്. സ്വർണ്ണക്കച്ചവടം ആകട്ടെ, ഏതു കച്ചവടവുമാകട്ടെ, നിയമപരമായി നമുക്ക് ടാക്സ് കിട്ടണം. അവിടെ നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ചെന്നിട്ട് ടാക്സ് പിരിക്കണ്ട എന്നുപറഞ്ഞിട്ടുണ്ടോ? പാർലമെന്ററി അഫേയേഴ്സ് മിനിസ്റ്റർ ചെന്നിട്ട് നിങ്ങൾ ടാക്സ് പിരിക്കാതെ നടത്തിക്കോ എന്നു പറഞ്ഞിട്ടുണ്ടോ? നിയമപരമായി കച്ചവടം നടത്താൻ എല്ലാവർക്കും അധികാരമുണ്ട്. നിയമം പാലിക്കണമെന്നു മാത്രമേയുള്ളൂ. കച്ചവടം നടത്തുന്ന എക്സ്ചെക്കറിന്റെ ലാഭത്തെക്കുറിച്ചാണ് നമ്മൾ ആലോചിക്കുന്നത്. എക്സ്ചെക്കറിനെ കളിപ്പിച്ചു പോകുന്ന ആളുകൾ ഉണ്ടെങ്കിൽ പരിശോധിക്കണം.അതിനു സാധ്യതയുള്ള ഒരു രംഗം സ്വർണ്ണ വ്യാപാരമാണ്. അതുകൊണ്ടു തന്നെ സ്വർണ്ണ കച്ചവടക്കാരെ പരിശോധിക്കണമെന്നതു തന്നെയാണ് നമ്മുടെ പ്രസക്തമായ വാദം..

<u>ശ്രീ. കെ. ബാബു</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. പി. രാജേന്ദ്രന് സ്വർണ്ണത്തെക്കുറിച്ചു പറഞ്ഞപ്പോൾ സ്വർണ്ണത്തോട് എന്തോ ഒരു വിരോധം ഉള്ളതുപോലെ തോന്നി. അതു സത്യമല്ല എന്നുള്ളതിന്റെ തെളിവല്ലേ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രധാനപ്പെട്ട ഒരു നേതാവിന്റെ മകന്റെ വിവാഹത്തിൽ പേരു ഞാൻ പറയുന്നില്ല. മണവാട്ടി പെൺകുട്ടി സ്വർണ്ണത്തിന്റെ ഭാരംകൊണ്ട് തലകുനിച്ചു നിന്ന ഒരു ചിത്രം പത്രത്തിൽ വന്നിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, എനിക്ക് ഒരു അബദ്ധം പറ്റി. ഞാൻ വിചാരിച്ചു അദ്ദേഹത്തിനു ഇതിനോടൊക്കെ എതിർപ്പുണ്ടാകുമെന്നു കരുതി ആ വിവാഹ ഫോട്ടോ അസംബ്ളിയിൽ ഒന്നു കാണിച്ചുപോയി. പിന്നത്തെ പുരം പറയണ്ട. എന്നെ വിളിക്കാത്ത തെറികൾ ഇല്ല. ഞാനാകെ അത്ഭുതപ്പെട്ടു പോയി, പാർലമെന്ററി ജനാധിപത്യത്തിൽ ഇങ്ങനെയും ചില പരുഷ വാക്കുകൾ ഉണ്ടോ എന്ന്. പ്രായം ചെന്ന വ്യക്തി ഇതു പറയുന്നത് തെറ്റല്ലേ എന്നു സ്വയം ആത്മഗതം നടത്തി ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ നിന്നും നിഷ്ക്രമിക്കുകയാണുണ്ടായത്. ഇതു അദ്ദേഹത്തിന് സ്വർണ്ണത്തോടുള്ള വിരക്തിയോ അനുകൂലമോ എന്നൊന്നും ഞാൻ കരുതുന്നില്ല. പക്ഷേ ഇതൊക്കെ നമ്മുടെ നാട്ടിൽ നടപ്പാണ്. ആ നാട്ടു നടപ്പിൽ നിയമപരമായി കാര്യങ്ങൾ പോകണമോ വേണ്ടയോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചാൽ മതി. നിയമപരമായി സംസ്ഥാനത്തിന് കിട്ടാനുള്ള തുക കിട്ടാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. അതുപോലെ തന്നെയാണ് എക്സൈസിന്റെ കാര്യം. അങ്ങേയ്ക്കും താല്പര്യമുള്ള വിഷയമാണ്. കേരളത്തിലെ എല്ലാവർക്കും താല്പര്യം ഉണ്ട്. കേരളത്തിന്റെ വരുമാനത്തിന്റെ ഒരു പ്രധാന ഭാഗം എക്സൈസിൽ നിന്നാണ് ലഭിക്കുന്നത്. എക്സൈസിന്റെ പണമില്ലാതെ ഈ സംസ്ഥാനത്തിന്റെ ഖജനാവിനെ കൊണ്ടു പോകാൻ സാധ്യമല്ല. പക്ഷേ ശ്രീ. ജോസഫ് എം. പുതുശ്ശേരി കാണുന്നതുപോലെയുള്ള താല്പര്യം ഈ രംഗത്ത് ആർക്കും ഉണ്ടാകില്ല. സ്വർണ്ണക്കച്ചവടത്തിൽ നിന്നും ലഭിക്കുന്ന പണം നിയമപരമായി നമുക്കു കിട്ടുന്നതുപോലെ തന്നെ ഈ രംഗത്തും സംസ്ഥാനത്തിന്റെ ഖജനാവ് ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. ദീർഘകാലമായി ഈ സംസ്ഥാനത്തെ ജനങ്ങളുടെ മദ്യപാനാസക്തി കുറയ്ക്കുന്നതിനു വേണ്ടിയുള്ള എത്രയോ നടപടികൾ നമ്മൾ സ്വീകരിച്ചിട്ടുണ്ട്. എന്നിട്ടും നമ്മുടെ നാട്ടിലെ ജനങ്ങളുടെ മദ്യപാനാസക്തി കുറയുകയാണോ കൂടുകയാണോ ചെയ്തത്? നമ്മൾ പല വിധത്തിലുള്ള പരിശ്രമങ്ങളും ഇതിനുവേണ്ടി നടത്തി. ബോധവൽക്കരണ നടപടികൾ എടുത്തു. എല്ലാ നടപടികളും എടുത്തിട്ടും നമ്മുടെ സംസ്ഥാനത്തു നിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ വച്ചു പരിശോധിച്ചു നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ മദ്യപാനാസക്തി കൂടുകയാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

ശ്രീ. എം. പി. ഗംഗാധരൻ : അങ്ങ് എക്സൈസിന്റെയും സ്വർണ്ണത്തിന്റെയും കാര്യത്തിൽ വളരെ ഗൗരവമായ ചർച്ച തുടങ്ങി വച്ചിരിക്കുകയാണ്. സ്വർണ്ണക്കടയിൽ വിൽക്കുന്ന ആഭരണത്തിന്റെ പത്തിലൊന്നു ശതമാനത്തിനു പോലും ബില്ലുകൾ ഇന്നു കൊടുക്കുന്നില്ല. പകരം ചീട്ടു കൊടുക്കുകയാണ് ചെയ്യുന്നത്. ടാക്സ് സിസ്റ്റം തന്നെ ഡിഫീറ്റു ചെയ്തു കൊണ്ട് സംസ്ഥാനത്തിനു കിട്ടേണ്ട പണത്തിന്റെ പത്തിലൊന്നു പോലും സംസ്ഥാനത്തിനു കിട്ടുന്നില്ല എന്നുള്ള വസ്തുതയും നിലവിലുണ്ട്. എക്സൈസിലും അതു തന്നെയാണ് പ്രശ്നം. അതിനുള്ള പ്രധാന ഉത്തരവാദികൾ രണ്ടു ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥൻമാരാണ്. അവരാണ് ഇവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കേരളത്തിൽ ഇപ്പോൾ നിലവിലുള്ള ഒരു ഗവൺമെന്റ് മാറിയാൽ ഉടനെതന്നെ കേരളത്തിലെ 5 ലക്ഷം ഉദ്യോഗസ്ഥൻമാരേയും മാറ്റി പുതിയ ഉദ്യോഗസ്ഥൻമാരെ കൊണ്ടു വരാൻ സാധിക്കുമോ? നിലനിൽക്കുന്ന ചില സത്യങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ സാധിക്കൂ. നമ്മുടെ ഉദ്യോഗസ്ഥ വൃന്ദം എന്നുപറയുന്നത് ഒരു കണ്ടിന്യൂയിംഗ് ബോഡിയാണ്. പൊളിറ്റിക്കൽ ലീഡർഷിപ്പു മാത്രമേ മാറുന്നുള്ളൂ. പക്ഷേ ഉദ്യോഗസ്ഥർ പഴയതുതന്നെയാണ്. ഇന്ന് ഈ ഗവൺമെന്റ് പോയി വേറൊരു ഗവൺമെന്റു വന്നാലും ഉദ്യോഗസ്ഥർ ഇതു തന്നെയാണ്. നമുക്ക് നിയമപരമായി സംസ്ഥാന ഖജനാവിന്റെ ചോർച്ച ഒഴിവാക്കുന്നതിനുവേണ്ടി നമ്മുടെ ഉത്തരവാദിത്വം നമ്മൾ ചെയ്യണം. ആ ഉത്തരവാദിത്വത്തിന്റെ സ്പിരിറ്റ് മനസ്സിലാക്കിക്കൊണ്ട് തെറ്റു ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു നിർത്തി മുന്നോട്ടു പോകാൻ നമുക്കു കഴിയണം. അവിടെയാണ് നമ്മുടെ പ്രവർത്തനം വേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ശ്രീ. എം.പി. ഗംഗാധരൻ പറഞ്ഞത് വളരെ ശരിയാണ്. കാരണം ഉദ്യോഗസ്ഥരാണ് ഈ സംസ്ഥാനത്ത് എല്ലാം ചെയ്തു കൊണ്ടിരിക്കുന്നത്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ.കെ. മുരളീധരനും പറയുന്നത് അതല്ലേ? ഉദ്യോഗസ്ഥരാണ് കേരളത്തിൽ കാര്യങ്ങൾ നടത്തുന്നത്. മന്ത്രിമാർക്ക് അക്കാര്യത്തിൽ യാതൊരു നിയന്ത്രണവും ഇല്ല. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷം നൽകിയിട്ടുള്ള നികുതിയുടെ 150 ശതമാനം വർദ്ധിപ്പിച്ച് കോമ്പൗണ്ട് ചെയ്യാം എന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ ഒരു നയാ പൈസ പോലും വർദ്ധിപ്പിച്ച നികുതി വസൂലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ വ്യക്തമല്ലേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ മനസ്സിലാക്കുന്നത് സെയിൽസ് ടാക്സിൽ കഴിഞ്ഞ വർഷം 1000 കോടി രൂപയുടെ വർദ്ധനവു വന്നു എന്നാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറയുന്നതുപോലെ അക്കങ്ങൾ നിരത്തി പറയാനൊന്നും എനിക്ക് അറിയില്ല. അതിനുള്ള രേഖകൾ ഒന്നും എന്റെ കയ്യിൽ ഇല്ല. പക്ഷേ കഴിഞ്ഞ വർഷത്തെ സെയിൽസ് ടാക്സിന്റെ പിരിവിനെക്കാൾ 1000 കോടിരൂപയുടെ വർദ്ധനവുണ്ടായി. എന്റെ അഭിപ്രായം അതല്ല, സാമ്പത്തികമായി മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത് നമുക്ക് കൂടുതൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാകണം. ഇനിയും കൂടുതൽ നികുതി ഏർപ്പെടുത്താനുള്ള സാധ്യത കുറവാണ്. കാരണം നികുതിയുടെ കാര്യത്തിൽ കേരളം ഒരു സാച്യുറേഷൻ പോയിന്റിൽ എത്തിയിട്ടുണ്ട്. ഇനി കൂടുതൽ നികുതി ചുമത്തുന്നത് ആളുകളിൽ മനംമടുപ്പ് ഉണ്ടാക്കുകയേയുള്ളൂ. ഇപ്പോൾ നിലവിൽ നമുക്ക് കിട്ടാൻ സാധ്യതയുള്ള രംഗത്തുനിന്നും നികുതികൾ പിരിച്ചെടുക്കാൻ നമുക്ക് കഴിയണം. അതിനു വേണ്ടിയുള്ള നടപടികൾ എടുക്കണം. അതിൽ നികുതി വെട്ടിപ്പു നടത്താൻ സാധ്യതയുള്ള, ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ രണ്ടു രംഗത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. മദ്യത്തിന്റെ കാര്യത്തിൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടു പോകാൻ നമുക്കു കഴിയണം. അതിനു നമ്മൾ തയ്യാറാകണം എന്നാണ് എനിക്കു പറയാനുള്ളത്. സത്യത്തെ കണ്ടില്ല എന്നു കരുതി സത്യത്തിന്റെ മുമ്പിൽ ഒരു തടവറ തൂക്കി നമുക്ക് അതിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല. നമ്മൾ സംസ്ഥാനത്തോടു ഉത്തരവാദിത്വമുള്ളവരും സത്യസന്ധമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരും ആകണം. അതു ഒന്നുകൂടി ഉറപ്പിക്കണം. ഇവിടെ വ്യാജ മദ്യ ദുരന്തം വ്യാകമായി വരുന്നു. നമ്മുടെ സംസ്ഥാനത്തു വ്യാജമദ്യ ദുരന്തത്തിനു ഇരയാകുന്ന പാവപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ചിട്ടുണ്ടോ ? കൊട്ടാരക്കരയിൽ കല്ലുവാതുക്കൽ മദ്യ ദുരന്തത്തിനുശേഷം മരിച്ചുപോയ പാവപ്പെട്ടവരുടെ വീടുകളിൽ ഞാൻ പോയിരുന്നു. സമ്പന്ന കുടുംബങ്ങളിൽപ്പെട്ട ആരുംതന്നെ മരിച്ചിട്ടില്ല. കോടീശ്വരൻമാർ ആരും തന്നെ അവിടെ മരിച്ചിട്ടില്ല. ചെറ്റ കുടിലുകളിൽ ജീവിക്കുന്ന ആളുകൾ, ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാത്ത ആളുകൾ, ഭാര്യ കശുവണ്ടി ഫാക്ടറിയിൽ പോയി ജോലി ചെയ്ത് കുടുംബം പുലർത്തുന്നു. അവരുടെ രണ്ടു കൈകളും നിവർത്തി നോക്കിയാൽ ആ കരങ്ങളിൽ കശുവണ്ടിയുടെ കറ കാണാൻ സാധിക്കും. അങ്ങനെയുള്ള

പാവപ്പെട്ടവരുടെ വീടുകളിൽ നിന്നാണ കൂടുതൽ പേരും മരണമടഞ്ഞത്. അവർക്കാണ് കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നത്. അവർ എന്തിനാണ് കുടിക്കാൻ പോകുന്നത്? അവർക്ക് കുടിക്കാതിരിക്കാൻ കഴിയില്ല. ഞാൻ പണ്ട് കോടതിയിൽ പോകുന്ന സമയത്ത് അവിടെ ഒരു കടയിൽ കയറി ചായ കുടിക്കാറുണ്ടായിരുന്നു. അവിടെ ഒരു ചൊല്ലുണ്ട്, അവിടെ കൊടുക്കുന്ന കാപ്പിയ്ക്ക് അകത്ത് കറുപ്പിന്റെ അംശം ഉണ്ടെന്ന്, ആ കാപ്പി കുടിച്ചില്ല എങ്കിൽ വായ് കോട്ട വരും. കൃഷ്ണന്റെ കാപ്പി കുടിച്ചില്ലെങ്കിൽ വായ് കോട്ട വരും എന്നാണ് ചൊല്ല്.

അപ്പോൾ ഈ പറയുന്നതുപോലെത്തന്നെ വ്യാജമദ്യം കഴിക്കുന്നവന് ആ സന്ദർഭത്തിൽ മദ്യം കഴിക്കാതെ വന്നാൽ കൈകൾ വിറയ്ക്കും. 1996 ഏപ്രിൽ മാസം ഒന്നാം തീയതി കേരളം ചാരായവിമുക്തമായപ്പോൾ പിറ്റേ ദിവസത്തെ പത്രത്തിൽ വന്നത് ചാരായം കിട്ടാതെ വിറച്ചു മരിച്ച രണ്ടുപേരുടെ ചിത്രമാണ്. കുടിക്കുന്ന ആളുകൾക്ക് കുടിക്കാതിരിക്കാൻ കഴിയുകയില്ല. ഡോക്ടർമാർ പോലും പറയുന്നത് പരിമിതമായ ആൾക്കഹോൾ allowable ആണെന്നാണ്. ഡോക്ടർമാരുടെ സർട്ടിഫിക്കറ്റു വച്ച് ആൾക്കഹോളിന്റെ പെർമിഷൻ കിട്ടുന്ന എത്രയോ ആളുകളുണ്ട്. അമിതമായി കുടിക്കുമ്പോഴാണ് കുഴപ്പം വരുന്നത്. ഞാൻ പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റിന് ഉത്തരവാദിത്തങ്ങളുണ്ട്. ആ ഉത്തരവാദിത്തമുള്ള ഗവൺമെന്റ് ഇത് വ്യാപിപ്പിക്കുവാൻ ശ്രമിക്കരുത്. ഇതിനെതിരായുള്ള വ്യാപകമായിട്ടുള്ള പ്രചരണം നിലനിർത്തണം. മിനിമം ഇവിടെ ഞാൻ പറഞ്ഞതുപോലെ smoking is injurious to health എന്നു പറഞ്ഞ് സിഗറ്റ് കംപനിക്കാർ പരസ്യത്തിനടിയിൽ സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനായി എഴുതിവയ്ക്കുന്നതുപോലെയെങ്കിലും ഇതിനെതിരായിട്ടുള്ള പ്രചരണം നാം നടത്തണം. ആ പ്രചരണം ശക്തിപ്പെടുന്നതോടൊപ്പംതന്നെ കേരളത്തിൽ ഇതുപോലുള്ള സ്ഥലങ്ങളിലെ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് പ്രായോഗികമായ ഒരു നിലപാടെടുക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സംസ്ഥാനത്തിന്റെ വരുമാനവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് മദ്യ മേഖലയിലെ ചില യാഥാർത്ഥ്യങ്ങളെക്കുറിച്ച് സംസാരിക്കുന്നത്. അങ്ങ് പറഞ്ഞ ഈ വാക്കുകൾ മുഖവിലയ്ക്കെടുത്താൽ, അങ്ങ് പറഞ്ഞ രീതി പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള ഒരു നിലപാട് സ്വീകരിക്കുമെങ്കിൽ യു.ഡി.എഫ് ഗവൺമെന്റ് ഇന്ന് മദ്യരംഗത്തെടുത്തു വരുന്ന സംപൂർണ്ണ മദ്യനിരോധനമെന്ന നിലപാട് അപ്രായോഗികമാണെന്നുള്ളത് അംഗീകരിക്കേണ്ടി വരുമല്ലോ. ഈ വസ്തുത പരിഗണിച്ചുകൊണ്ട് നേരത്തെ യു.ഡി.എഫ് ഗവൺമെന്റ് തീരുമാനിച്ച ചാരായ നിരോധനമെടുത്തു കളയാൻ ആവശ്യമായ ഒരു പ്രായോഗിക നിലപാട് സ്വീകരിക്കുമോ? അങ്ങ് കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവുകൂടിയാണല്ലോ. ആ നിലയിൽ രാഷ്ട്രീയ പാർട്ടികളുടെ ഒരു അഭിപ്രായ സമന്വയമുണ്ടാക്കിക്കൊണ്ട് ഈ കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ അങ്ങയുടെ നിലപാട് എന്താണ് ? ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കട്ടെ നിങ്ങൾ കേരളം ഭരിക്കുന്ന മേജർ പൊളിറ്റിക്കൽ പാർട്ടിയാണ്. സമവായമെന്നു പറഞ്ഞാൽ മേജർ പൊളിറ്റിക്കൽ പാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുണ്ടാകാത്ത സമവായം സമവായമാകുമോ ? അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം ഇങ്ങോട്ടു വരാം. അപ്പോൾ ഈ അഭിപ്രായം അങ്ങോട്ട് പറയും എന്നിട്ട് സമവായം എവിടെവരെയെത്തുമെന്ന് അപ്പോൾ പരിശോധിക്കാം. അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എനിക്ക് പൊളിറ്റിക്സിലേയ്ക്ക് വരരുതെന്ന അഭിപ്രായമായിരുന്നു. പക്ഷെ അങ്ങ് അവിടെ ഇവിടെ എന്നൊക്കെ പറയുകയും എന്റെ പാർട്ടിയെന്നും അങ്ങയുടെ പാർട്ടിയെന്നും തരംതിരിക്കുകയും ചെയ്തപ്പോൾ ഞങ്ങൾ രണ്ട് കംപാർട്ടുമെന്റിലായി നിൽക്കാൻ നിർബന്ധതരായി തീർന്നു. അതുകൊണ്ട് ഞാൻ ചോദിക്കുന്നു ചാരായ നിരോധനത്തിനുശേഷം അങ്ങയുടെ പാർട്ടി കേരളത്തിൽ അഞ്ചു കൊല്ലം ഭരിച്ചില്ലേ? അങ്ങയുടെ പാർട്ടിയിൽപ്പെട്ട വ്യക്തിതന്നെ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്തില്ലേ ? ഈ അഞ്ചുകൊല്ലം സ്വന്തം പാർട്ടിയിൽപ്പെട്ട നേതാവിനെ കൺവിൻസ് ചെയ്യാൻ കഴിയാത്ത ഒരു ആർഗ്യുമെന്റ് വേറൊരു പാർട്ടിയിൽ വയ്ക്കാൻ ശ്രമിക്കുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude....please conclude.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അതുകൊണ്ട് അത് കൺവിൻസ് ചെയ്യാൻ.....

ശ്രീ. പി. എസ്. സുപാൽ : അങ്ങ് ഒരുപാട് കാര്യങ്ങൾ സംസ്കൃത രൂപത്തിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. യാഥാർത്ഥ്യത്തിലേക്ക് ഇറങ്ങി വരിക. ശ്രീ. ടി. പി. രാമകൃഷ്ണൻ വ്യാജ ചാരായം ഒഴുകുന്നതിനെ സംബന്ധിച്ചും ഇതിന്റെ ദൃഷ്യങ്ങളെ സംബന്ധിച്ചും വളരെ വ്യക്തമായാണ് ചോദിച്ചത്. ഈ പ്രശ്നങ്ങൾക്കൊക്കെ കാരണം നിലവിലുള്ള ഈ നിയമമാണ്. അത് മാറ്റാൻ അങ്ങയുടെ വ്യക്തമായ അഭിപ്രായം എന്താണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. പി. എസ്. സുപാൽ ഞാൻ സംസ്കൃതം പറയുന്നത് എനിക്ക് അസംസ്കൃതം അറിയാത്തതുകൊണ്ടാണ്. എനിക്ക് അസംസ്കൃതത്തിൽ വലിയ താൽപര്യമില്ല എനിക്ക് സംസ്കൃതത്തിലേ താൽപര്യമുള്ളു. നമ്മൾ തമ്മിൽ അങ്ങനെയൊരു വ്യത്യാസമുണ്ട്. അതുകൊണ്ട് നമ്മൾ തമ്മിൽ കുപ്പിക്കകത്തിറക്കാൻ ശ്രമിക്കരുത്.

ശ്രീ. എ. കെ. ബാലൻ : വളരെ പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടാണ് സംസാരിക്കുന്നത്. ഇതിൽ നോട്ടിഫൈഡ് ഗുഡ്സെന്നു പറയുന്നത് കാപ്പി, റബ്ബർ, ഏലം, ഇഞ്ചി, കുരുമുളക്, അടയ്ക്ക, കശുവണ്ടി, ഇരുമ്പ്, സ്റ്റീൽ ഇതാണ് വരുന്നത്. അപ്പോൾ ഒരു രൂപയുടെ കശുവണ്ടി പെർമിറ്റില്ലാതെ കടത്തിയാൽ 50,000 രൂപ പിഴയാണ്. ഈ നിയമം പാസ്സാക്കിയാൽ വ്യാപകമായ രൂപത്തിൽ കശുവണ്ടി പിടിത്തമുണ്ടാകുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങേയ്ക്ക് ഇതിന്റെ മൂല നിയമം എവിടെയാണ് വന്നുനിന്നതെന്നറിയാമോ ? എക്സൈസിലാണ്. ചെറിയ ഒരു പിടിത്തം പിടിച്ചാൽ അര ലക്ഷം രൂപ അടയ്ക്കേണ്ടി വരുമെന്നുള്ള എക്സൈസ് നിയമത്തിൽ മാറ്റം വരുത്തിയത് ആരാണെന്നറിയാമോ? അങ്ങയുടെ സഹപ്രവർത്തകനായ ശ്രീ. ടി. ശിവദാസമേനോനാണ്. അദ്ദേഹം കേരളത്തിലെ എക്സൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഒരു പിടിത്തത്തിൽ ഒന്നര ലക്ഷം രൂപ പിടിക്കാൻ പറ്റുമെന്ന നിയമം ഇവിടെ കൊണ്ടു വന്നത്. അതുകൊണ്ട് ഈ നിയമത്തിനകത്ത് ഇതിന്റെ മൂല നിയമം അവിടെയാണ് വന്നത് അതിനെ നമ്മൾ അന്നും എതിർത്തു. അന്നും നമ്മൾ അതിന് അനുകൂലമല്ല, ആവശ്യമില്ലാതെ ആളുകളെ പിഴിയുന്നത് ശരിയല്ല, അതോടൊപ്പം കേരളത്തിലെ ഖജനാവ് നിലനിർത്തുന്നതിനുള്ള നടപടിയെടുക്കണമെന്നും അന്ന് പറഞ്ഞിരുന്നു. ഞാൻ പറഞ്ഞ പ്രൊപ്പോസൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുവിൽപ്പന നികുതിയുടെ ഈ രണ്ടാം ഭേദഗതി ബിൽ ഇവിടെകൊണ്ടുവന്നതിനടിസ്ഥാനമായിട്ടുള്ള കാരണം ബില്ലിലെ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ പറയുന്നത് 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ടിലെ 7 (ബി) ഉപവകുപ്പിൽ അവാർഡർമാർ കരാർ ജോലികളുടെ കോൺട്രാക്ടർമാർക്ക് പണം നൽകുമ്പോൾ നിശ്ചിത നിരക്കിൽ നികുതി കിഴിവു ചെയ്ത് അത് സർക്കാരിലേയ്ക്കടയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്നു എന്നാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 3096/2001 നംപർ ഒ.പി.യുടെ വിധിന്യായത്തിൽ അന്തർ സംസ്ഥാന വിൽപ്പന മുതലായവ അതിൽ നിന്നും ഒഴിവാക്കാത്തിടത്തോളം ആക്ടിന്റെ 7(ബി) ഉപവകുപ്പ് സംസ്ഥാനത്തിന്റെ നിയമ നിർമ്മാണ അധികാരത്തിന് പുറത്തായതിനാൽ റദ്ദാക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിലൂടെയുണ്ടാകുന്ന റവന്യു നഷ്ടം നികത്തുന്നതിന് സർക്കാർ 22-ാം വകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യാനും ആക്ടിലെ 7-ാം വകുപ്പിൽ 7(സി) എന്ന ഒരു പുതിയ വകുപ്പ് ഉൾപ്പെടുത്തുവാനും തീരുമാനിക്കുകയുണ്ടായി എന്നതാണ്. സർ ഈ അവാർഡർമാർ ഈ കോൺട്രാക്റ്റ് പണി ഏല്പിക്കുന്നയവസരത്തിൽ അവാർഡർമാർക്ക് നികുതിയടയ്ക്കാനുള്ള ബാദ്ധ്യതയെ സംബന്ധിച്ചാണ് ഈ വകുപ്പിൽ പറയുന്നത്. പക്ഷെ ഇതിനാധാരമായിട്ടുള്ള ഈ ഹൈക്കോടതി വിധിയെപ്പറ്റി പറയുന്നത് യാഥാർത്ഥ്യമല്ല. യഥാർത്ഥത്തിൽ നിയമ വകുപ്പിന്റെ പിടിപ്പുകേടാണ് ഈ കാര്യത്തിൽ കാണാൻ കഴിയുന്നത്. ഈ ബില്ലിന്റെ ക്ളാസ് ബൈ ക്ളാസിനുവേണ്ടിയുള്ള അമെന്റ്മെന്റ് നൽകുന്നതിനു വേണ്ടി ഹൈക്കോടതിയിൽ നിന്നും ഈ നിർദ്ദിഷ്ട ഉദ്ദേശ കാരണങ്ങളിൽ പറയുന്ന 3096/2001-ാം നമ്പർ ഒ.പി യുടെ വിധിന്യായത്തിന്റെ കോപ്പി ഞാൻ എടുക്കുകയുണ്ടായി. ആ വിധിന്യായത്തിൽ വിൽപ്പന നികുതിയുമായി ബന്ധപ്പെട്ട് യാതൊന്നുമില്ല. 3096/ 2001 വിധിന്യായമെന്നു പറയുന്നത് ജസ്റ്റീസ് ആർ. ഭാസ്കരന്റെ വിധിയാണ്.

ആ വിധിന്യായത്തിൽ ഒരു ലോറിയെ സംബന്ധിച്ചുള്ള ഒ.പി യാണ്. അതിന്റെ വിധിന്യായം ഞാൻ വായിക്കാം. This original petition is filed for a direction to the first respondent to give protection and help to the petitioner to release the lorry which is illegally detained by the workers inside the factory. Additional respondents representing workers are impleaded. Learned Counsel for the workers submitted that there is no detention of the lorry and the petitioner is free to take the lorry. It is further alleged that there is a suit pending before the owner of the lorry and the petitioner. So far as the additional respondents are concerned they are not obstructing the removal of the lorry. This submission is recorded and the first respondent is directed to give adequate protection to the petitioner for removal of lorry No. KL-5/ A-1985 with the goods inside, except on the ground that the owner of the lorry has got objection or has obtained any order from Court not to remove the lorry.

Original petition is disposed of as above. വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണത്തിന് കാരണമായിട്ടുള്ള വിധിന്യായംപോലും തെറ്റായിട്ടാണ് ഈ നിയമസഭയ്ക്കകത്ത് കൊണ്ടുവന്നിട്ടുള്ളത്. തടഞ്ഞുവച്ചിട്ടുള്ള ലോറി ഡിസ്പോസ് ചെയ്യുന്നതു സംബന്ധിച്ചുള്ള ഒരു ഹൈക്കോടതി വിധിയുടെ നമ്പറാണ് ഇതിന് ആധാരമായിട്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അത്രയും പിടിപ്പുകെട്ട ഒരു വകുപ്പാണ് നിയമവകുപ്പ്. ആ നിയമവകുപ്പിന്റെ പിടിപ്പുകേടിന്റെ ഉദാഹരണമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് നിയമവകുപ്പിന്റെ പിടിപ്പുകേടിനെപ്പറ്റി പറഞ്ഞതുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽ പെടുകാണുമെന്ന് കരുതി പറയുന്ന ഒരു കാര്യമാണ്. ഇപ്പോൾ ഈ നിയമസഭ പസ്സാക്കിയ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിലും കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലും കൊണ്ടുവന്നിട്ടുള്ള മൂന്നാമത്തെ വാലിഡേഷൻ ക്ലോസ്സ് ..... യഥാർത്ഥത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിനും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിക്കും അവിടെയുള്ള അയോഗ്യരായിട്ടുള്ള അംഗങ്ങൾക്ക് സംരക്ഷണം കിട്ടത്തക്ക വിധത്തിലുള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ നടന്നത്. ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ കൊണ്ടുവന്നിട്ടുള്ള തികച്ചും ശരിയായിട്ടുള്ള ഭേദഗതി നമ്മുടെ നിയമ വകുപ്പ് അംഗീകരിക്കാത്തത് തികച്ചും തെറ്റായിട്ടുള്ള ഒരു നിലപാട് ആണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ?

ശ്രീ. പി. ജയരാജൻ: തീർച്ചയായിട്ടും. നിയമവകുപ്പിന്റെ ഈ പിടിപ്പുകേടിന്റെ ഫലമായിട്ട് നാണക്കേടുകൊണ്ട് യു.ഡി.എഫ്-ലെ അംഗമായിട്ടുള്ള ശ്രീ. തോമസ് ഉണ്ണിയാടന് വോട്ടിംഗിന് ബെൽ അടിക്കുന്ന അവസരത്തിൽ ഇറങ്ങിപ്പോകേണ്ട അവസ്ഥ വന്നു. യു.ഡി.എഫ്.-ലെ അംഗങ്ങൾക്കുപോലും ആത്മാർത്ഥമായിട്ട് പിന്തുണയ്ക്കാൻ കഴിയാത്ത നിയമരാഹിത്യ നടപടികളാണ് ഇവിടെ വന്നിട്ടുള്ളത്. നിയമനിർമ്മാണം എന്നു പറയുന്നത് വളരെ ഗൗരവപൂർവം നടത്തേണ്ടതാണ്. ഒട്ടേറെ ഉദ്യോഗസ്ഥൻമാർ പരിശോധിച്ചുകൊണ്ടാണ് ബില്ലുകൾ സഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാകെ വരുന്നത്. ആ ബില്ലിന്റെ ഭാഗമായിട്ടുള്ള ഉദ്ദേശ കാരണങ്ങൾ തീർച്ചയായും വളരെ പ്രധാനപ്പെട്ടതാണ്. ഉദ്ദേശ കാരണങ്ങളെന്നു പറയുന്നത് ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ബില്ലിന്റെ ഭാഗമല്ലെങ്കിലും ആ ബില്ലിൽ പറയുന്ന വ്യവസ്ഥയുടെ ഉദ്ദേശം മനസ്സിലാക്കുന്നതിന് സുപ്രീം കോടതിപോലും ഉദ്ദേശ കാരണങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. സുപ്രീം കോടതിയുടെ പ്രസക്തമായിട്ടുള്ള വിധിതന്നെയുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ഈ നിയമനിർമ്മാണത്തെ അങ്ങേയറ്റം ലാഘവത്തോടുകൂടിയാണ് കാണുന്നത് എന്നുള്ളത് വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്തെ അവാർഡർമാർ, കോൺട്രാക്ടർമാരെ ഇങ്ങനെയുള്ള ജോലികൾ ഏൽപ്പിക്കുന്ന അവസരത്തിൽ ഇതിന് പ്രത്യേകമായിട്ടുള്ള ഒരു വകുപ്പ് കൊണ്ടുവന്ന് അവാർഡികൾ നികുതി അടയ്ക്കുന്നതിനുള്ള വ്യവസ്ഥയാണ് 7(സി)-യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ചെറുകിട കരാറുകാർക്ക് ആശ്വാസം ലഭിക്കുന്ന തരത്തിൽ ഇതിൽ മാറ്റങ്ങൾ വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഈ ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ നിരവധി കാര്യങ്ങൾ പറയുകയുണ്ടായി. ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ ഉദ്ദേശം അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണെങ്കിൽ എന്തിനാണ് മന്ത്രി? ഉദ്യോഗസ്ഥൻമാർ ഗവൺമെന്റ് തീരുമാനിക്കുന്നതിനനുസരിച്ച് നികുതി പിരിവ് നടത്താതെയും അതനുസരിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കാതെയുമുണ്ടെങ്കിൽ മന്ത്രി എന്തിനാണ്? തെറ്റാണെന്ന് തോന്നുന്ന ഉദ്യോഗസ്ഥൻമാരെ ശരിയായ രീതിയിൽ നയിക്കാൻ വേണ്ടിയുള്ള രാഷ്ട്രീയ നേതൃത്വമായിട്ട് മന്ത്രി പ്രവർത്തിക്കണ്ടേ? ഉദ്യോഗസ്ഥ ഭരണത്തെ സംബന്ധിച്ച് കേരളത്തിലെ യു.ഡി.എഫ്-നെ നയിക്കുന്ന പ്രധാനപ്പെട്ട പാർട്ടിയായിട്ടുള്ള കോൺഗ്രസ്സിന്റെ കെ.പി.സി.സി. പ്രസിഡന്റ് പോലും ഇപ്പോൾ ആക്ഷേപം ഉന്നയിക്കുകയാണ്. സർവ്വ കക്ഷി യോഗം വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞിട്ടുള്ളത് കേരളത്തിൽ ഉദ്യോഗസ്ഥ ഭരണമാണ് എന്നാണ്. പോലീസ് വകുപ്പിൽ പോലീസ് ഉദ്യോഗസ്ഥൻമാർ നയം തീരുമാനിക്കുന്നു. ധനകാര്യ വകുപ്പിൽ ധനകാര്യ വകുപ്പുമന്ത്രി ഒന്ന് പ്രഖ്യാപിക്കുന്നു, അതിന് വിരുദ്ധമായിട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻതന്നെ ഇത് വ്യക്തമാക്കിയിരിക്കുകയാണ്. നികുതി പിരിവ് നടക്കുന്നില്ല. ചെക്ക്പോസ്റ്റുകളിലൂടെ കള്ളക്കടത്ത് നിർബാധം നടന്നുകൊണ്ടിരിക്കുകയാണ്. അതാണ് കേരളത്തിലെ യു.ഡി.എഫ്-ന്റെ ഭരണത്തിൻകീഴിൽ ഓരോ വകുപ്പിലും നടന്നുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥ ഭരണമാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് തന്നെ വ്യക്തമാക്കിയത് ഇതിന്റെ അടിസ്ഥാനത്തിലാണ്. യു.ഡി.എഫ്. ദുർഭരണത്തിന്റെ നിദർശനമായിട്ടുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വളരെ കുറച്ച് പ്രസക്തമായിട്ടുള്ള കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. കേരള പൊതുവില്പന നികുതി ആക്ട് 1963, ആ പേര് സൂചിപ്പിക്കുന്നതുപോലെ 1963-ൽ ഉണ്ടായ ഒരു ആക്ടാണ്. 33 വർഷങ്ങൾക്കുശേഷമാണ് ഒരു സുപ്രധാന വിധി പ്രകാരം ഈ ആക്ടിലെ 30(സി)

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദ് ചെയ്തത്. ഒ.പി. നം.98/96 അനുസരിച്ചാണ് റദ്ദാക്കൽ വന്നത്. ബഹുമാനപ്പെട്ട ശ്രീ.ജയരാജൻ പറഞ്ഞതുപോലെ ഹൈക്കോടതിയുടെ വിധിന്യായംകൊണ്ടുവരാൻ സാധിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞ ഒ.പി. അല്ല ഞാൻ പറഞ്ഞത്. കള്ളക്കടത്ത് എന്ന വാക്ക് നിർവ്വചിക്കപ്പെടാതിരുന്നതാണ് ഇതിനു കാരണമായിട്ട് നടന്നത്. നിർവ്വചനം നടക്കാതെ പോയതിനാൽ 30(സി) വകുപ്പ് വളരെ വിപുലവും സ്വേച്ഛാപരവുമായ അധികാരം ഉദ്യോഗസ്ഥന് നൽകുന്നുവെന്ന് ബഹുമാനപ്പെട്ട കോടതി കണ്ടെത്തി. കാരണമെന്തായാലും കാര്യം നടന്നു. 30(സി) വകുപ്പ് റദ്ദായിപ്പോയി. 1996 തൊട്ട് 2003 വരെയുള്ള കാലയളവിൽ ഈ വകുപ്പ് റദ്ദായിപ്പോയതിന്റെ പേരിൽ എന്തൊക്കെ നടന്നുവെന്ന് അറിയില്ല. കള്ളക്കടത്തുകാരെ സഹായിക്കുന്ന ഒരു വാതിൽ കഴിഞ്ഞ ഏഴു വർഷമായി തുറന്നു കിടക്കുകയായിരുന്നുവെന്നു വേണം ഊഹിക്കാൻ. ആ വാതിൽ അടയ്ക്കണ്ടേ? അതുകൊണ്ട് നിയമത്തിൽ കള്ളക്കടത്തിന് നിർവ്വചനം വേണ്ടിവന്നു. കള്ളക്കടത്ത് എന്നുള്ളത് ആക്ടിലെ 30(ഇ) വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ശരിയായി രേഖകളിൽ, അതേ ചരക്കുകൾ കടത്തിക്കൊണ്ടുപോകൽ എന്ന് അർത്ഥമാക്കണമെന്ന് കൃത്യവും വ്യക്തവുമായി നിർവ്വചിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു നിർവ്വചനം കൊടുക്കുന്നതിൽ തെറ്റുണ്ടോ? മറിച്ച് ആ വിധം ഒരു നിർവ്വചനം ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ നിയമത്തിൽ ചേർക്കുകയല്ലേ വേണ്ടത്. അതോടൊപ്പം വിജ്ഞാപനം ചെയ്യപ്പെട്ട ചരക്കുകളുടെ വിശദീകരണം നൽകുമ്പോൾ പ്രസ്തുത ചരക്കുകൾ, റബ്ബർ, കാപ്പി, ഏലം, ഇഞ്ചി, കുരുമുളക്, അടയ്ക്ക, കശുവണ്ടി, ഇരുമ്പ്, സ്റ്റീൽ എന്നിവയ്ക്കു മാത്രമല്ല സർക്കാർ വിജ്ഞാപനം ചെയ്യപ്പെടുന്ന മറ്റേതെങ്കിലും ചരക്കുകൾകൂടി ഉൾപ്പെടുമെന്ന് ഇപ്പോഴത്തെ ഭേദഗതിയിലൂടെ വ്യക്തമാക്കിയിരിക്കുന്നു. സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ചരക്കുകൾ എന്നതിനു പകരം സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന ഇന്നത്തെ ഭേദഗതി വേണമെന്ന് എനിക്ക് വ്യക്തിപരമായി അഭിപ്രായമുണ്ട്. അതിനെക്കുറിച്ച് ഭേദഗതി മൂവ് ചെയ്യുന്ന അവസരത്തിൽ ഞാൻ സംസാരിക്കുന്നതാണ്. ആ നിലയ്ക്കാണ് ഈ പറയുന്ന രീതിയിലുള്ള നിയമ ഭേദഗതി വരുന്നത് എന്നിരിക്കേ നിയമത്തിൽ 3-ാം ഖണ്ഡത്തിൽ 7(ബി) ഉപവകുപ്പിനുശേഷം 7(സി) ആയി ഒരു ഉപ വകുപ്പ് ചേർക്കുന്നതുമായി ബന്ധപ്പെട്ട് വരുന്ന ആ ഭാഗത്ത് അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ജയരാജൻ ഇവിടെ ഒരു പരാമർശം നടത്തിയതുകൊണ്ട് അതിനെക്കുറിച്ച് മാത്രമേ സംസാരിക്കുന്നുള്ളൂ. നികുതി അടയ്ക്കേണ്ട അവാർഡർ നികുതി അടയ്ക്കേണ്ട രീതി എപ്രകാരമാണെന്ന് നിർവ്വചിക്കുന്നതും അതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നതുമായ ഒരു കാര്യമാണ് ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതെന്ന് ശ്രീ. ജയരാജൻ ഇവിടെ പറയുകയുണ്ടായി. അതിൽ ശ്രദ്ധേയമായിട്ടുവരുന്ന മൂന്നേ മൂന്നു കാര്യങ്ങളാണ് ഉള്ളത്. അസ്സസ്സിംഗ് അതോറിറ്റി കൊടുക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങണം. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം അടയ്ക്കേണ്ട നികുതി മുൻകൂറായി അടച്ചത് ഉൾപ്പെടെ കുറവു ചെയ്യണം. എന്നിട്ട് തുടർന്നു വരുന്ന മാസങ്ങളിൽ അഞ്ചാം തീയതിക്കോ അതിനു മുമ്പോ നിർണ്ണയിക്കപ്പെട്ടിരിക്കുന്ന രീതിയിൽ സർക്കാരിന് അടയ്ക്കണം. ഇതൊക്കെ ഇനിയും കൂടുതൽ വ്യക്തമാക്കുന്നതിന് നടത്തിയ ഏർപ്പാടുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly.

മി.ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ളൂഡ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഇതിനെല്ലാം വിവരമുള്ള നിയമസഭാ അംഗങ്ങൾ എന്ന നിലയ്ക്ക് സമ്മതം മൂളേണ്ടതാണ്. പോരാത്തതിന് കേരളാ ഹൈക്കോടതിയുടെ 3996/01 നമ്പർ ഒ.പി.യുടെ വിധി ന്യായവുമുണ്ട്. ആ വിധി ന്യായത്തിന്റെ പകർപ്പ് എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ജയരാജൻ ഇവിടെ ചിലതൊക്കെ വായിച്ചു. എനിക്കറിയില്ല. ആ ഒ.പി. മേശപ്പുറത്ത് വയ്ക്കാത്തിടത്തോളംകാലം ആ ഒ.പി. നോക്കി ഒന്നും പറയാൻ പറ്റുകയില്ല. അതിന്റെ അവസാനം The Original Petition is disposed of എന്നുകൂടി ജയരാജൻ പറഞ്ഞു. ആ നിലയ്ക്ക് ഇവിടെ സർക്കാർ കണ്ടെത്തിയ രീതിയിൽ നിയമപരമായി ഒരു വകുപ്പ് റദ്ദാക്കിപ്പോയ സാഹചര്യത്തിലാണ് അതിനൊരു ഭേദഗതിയുമായി സർക്കാർ മുന്നോട്ടുവന്നിട്ടുള്ളത്. നമുക്ക് കൂട്ടായ്മയോടുകൂടി ആ ഭേദഗതിയിൽ നിയമപരമായി എന്തെങ്കിലും തെറ്റുണ്ടെങ്കിൽ നന്നാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയാണ് വേണ്ടത്. അതിനു പകരം ആവശ്യമില്ലാതെ കാര്യങ്ങൾ വിശദീകരിച്ച് സമയം കളയണ്ട. അത്യാവശ്യമായിട്ടുള്ള ഭേദഗതികൾ തീർച്ചയായിട്ടും ക്ളോസ്സ് ബൈ ക്ളോസ്സ് ഡിസ്കഷൻ വരുമ്പോൾ നമുക്ക് കൊണ്ടുവരാവുന്നതാണ്. ഇവിടെ സജീവമായി പങ്കെടുക്കാതെ ഈ ഭേദഗതി ബില്ലിൽ പരാമർശിക്കാത്ത കാര്യങ്ങളെക്കുറിച്ച് ഇങ്ങനെ കാടും പടലും തല്ലി സംസാരിക്കുന്നത് യുക്തിപൂർവമല്ലായെന്നുള്ള എന്റെ വ്യക്തിപരമായ അഭിപ്രായംകൂടി ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് സർക്കാരിന്റെ ഒരു ഉത്തരവുമൂലം ആർക്കെങ്കിലും എന്തെങ്കിലും വിധത്തിലുള്ള വിഷമം ഉണ്ടെങ്കിൽ അയാൾക്ക് ആവലാതി പറയാനുള്ള വേദിയുണ്ട്. ആവലാതി എന്നു പറയുമ്പോൾ ഇതുപോലെ ചില ആളുകളെങ്കിലും നടത്തുന്നതുപോലെ അല്ല. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, കേരള ജനറൽ സെയിൽസ് ടാക്സിന്റെ (രണ്ടാം ഭേദഗതി) ബില്ലിന് ആമുഖമായി സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ജയരാജനും ശ്രീമതി സാവിത്രി ലക്ഷ്മണനും സൂചിപ്പിക്കുകയും അഭിപ്രായപ്പെടുകയും ചെയ്തിട്ടുള്ള കാര്യങ്ങൾ പലതും പരമ പ്രധാനമായിട്ടുള്ളതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രധാനമായ രണ്ടുമൂന്ന് കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അതിൽ പ്രധാനമായിട്ടുള്ളത് കേരളത്തിലെ അതിർത്തികളിലുള്ള ചെക്ക്പോസ്റ്റുകളെക്കുറിച്ചായിരുന്നു. കേരളത്തിലെ അതിർത്തികളിലുള്ള ചെക്ക്പോസ്റ്റുകൾ ഊർജ്ജിതമാക്കണമെന്നും അത് കുറേക്കൂടി ശക്തിപ്പെടുത്തി ചെക്ക്പോസ്റ്റുകളിൽകൂടി അനധികൃതമായി കടന്നുവരുന്ന ലോറികളും സാധനങ്ങളും കള്ളക്കടത്തുകളുമൊക്കെ നിയന്ത്രിക്കണം എന്നുള്ളതുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കേരളത്തിലുള്ള ചെക്ക്പോസ്റ്റുകളിൽ അമരവിള, വാളയാർ, മഞ്ചേശ്വരം തുടങ്ങിയ ഏഴ് ചെക്ക്പോസ്റ്റുകൾ വളരെ പ്രധാനപ്പെട്ടതാണ്. ഈ ചെക്ക്പോസ്റ്റുകളുടെ സൗകര്യം കൂറേക്കൂടി വർദ്ധിപ്പിക്കണം എന്നുള്ളതാണ്. തീർച്ചയായും വർദ്ധിപ്പിക്കാനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് ചെക്ക് പോസ്റ്റുകളിലെ വരുമാനം കൂടിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. ഇന്ന് മൂന്ന് മാസത്തിലധികം ഉദ്യോഗസ്ഥൻമാർക്ക് അവിടെ ജോലി കൊടുക്കുന്നില്ല. മൂന്നു മാസത്തിലധികം കൊടുക്കണ്ട എന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ ചെക്ക് പോസ്റ്റിൽ ഉദ്യോഗത്തിന് പോകാൻ പലരും മടിക്കുന്നു എന്നുള്ളത് ഒരു സത്യമാണ്. അതിന് പ്രധാനമായിട്ടുള്ള കാരണം, അവിടെ വളരെ സ്ട്രിക്ടായിട്ട് ചെക്ക് ചെയ്യുന്നുണ്ട്. സർപ്രൈസ് ചെക്കിംഗ് ഉണ്ട്. അത് അവരെ സംബന്ധിച്ച് വളരെ കൂടുതൽ വിഷമം ഉണ്ടാക്കുന്നുണ്ട്. വേറെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത് സ്വർണ്ണ കച്ചവടക്കാരെക്കുറിച്ചാണ്. ഇൻഡ്യാ രാജ്യത്ത് ഏറ്റവും കൂടുതൽ സ്വർണ്ണം വിൽക്കുന്ന സംസ്ഥാനം കേരളമാണ്. സ്വർണ്ണക്കച്ചവടക്കാർക്ക് നിശ്ചയിച്ചിട്ടുള്ള ടാക്സ് എന്ന് പറയുന്നത് ഇന്ന് നിലനിൽക്കുന്നത് 4 ശതമാനമാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഒരു ശതമാനമാണ്. പക്ഷേ ഇവിടെ വന്നു സംഭവിക്കുന്ന സ്ഥിതിയെന്താണെന്നു വച്ചാൽ സ്വർണ്ണക്കച്ചവടക്കാർ ആർക്കും ബില്ല് കൊടുക്കുന്നില്ല. വാങ്ങിക്കാൻ പോകുന്ന ആളുകളോട് ബില്ല് വേണോ എന്ന് ചോദിച്ചാൽ ബില്ല് വേണ്ട എന്ന് അവരും പറയും. സത്യം സത്യമായി കണ്ടിട്ട് മുന്നോട്ട് പോകാം. ഞാൻ ഫൈനാൻസ് ബിൽ അവതരിപ്പിക്കുമ്പോൾ അതിൽ കർക്കശമായ തീരുമാനം എടുത്തുകൊണ്ട് ആ അവസരത്തിൽ അതിനെക്കുറിച്ച് പറയാം എന്നുള്ളതുകൊണ്ട് ആ ഭാഗത്തെക്കുറിച്ച് ഇപ്പോൾ ഒന്നും പരാമർശിക്കുന്നില്ല. എക്സൈസിനെക്കുറിച്ചാണ് വേറെ പരാമർശിച്ചിട്ടുള്ളത്. ഏക്സൈസ് ഡിപ്പാർട്ടുമെന്റിൽ നില നിൽക്കുന്ന ചില കാര്യങ്ങൾ ഉണ്ട്. അത് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത് അങ്ങനെ പോകുന്നു. കള്ള് ഷാപ്പുകളിൽ മാറ്റം വരുത്തി നല്ല മദ്യം കുടിക്കാൻ കൊടുത്തില്ലെങ്കിൽ വ്യാജമദ്യം കുടിച്ച് മരിക്കുന്നത് പാവപ്പെട്ടവരാണെന്ന് ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു. അത് സത്യമാണ്. കാശുള്ളവൻ സ്കോച്ചോ വിസ്ക്കിയോ ഏതെങ്കിലുമൊക്കെ വാങ്ങി കുടിക്കുന്നതുകൊണ്ട് അവർക്കൊന്നും വലിയ കുഴപ്പം ഇല്ല. അവർ പത്ത് അറുപത് കൊല്ലം കഴിഞ്ഞേ മരിക്കുകയുള്ളൂ. ഗവൺമെന്റ് ആളുകളെ മദ്യത്തിൽ മുക്കുന്നു. ഇവിടെ മദ്യം വർദ്ധിക്കുന്നു. ഇവിടെ തകരാറ് പതിയിരിക്കുന്നു. അതൊക്കെ പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. ഇ. എം. അഗസ്തി : ഇപ്പോൾ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ളവരുടെ സെൻസ് മനസ്സിലാക്കിയിട്ട് അതിന്റെ പ്രായോഗിക വശത്തെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി അങ്ങ് ബന്ധപ്പെട്ട ആളുകളുടെ ഒരു യോഗം വിളിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : എനിക്ക് ആരുമായിട്ടും ആലോചിക്കുന്നതിൽ തകരാറൊന്നുമില്ല. കുടിക്കുന്നവൻ എവിടെയെങ്കിലും പോയി കുടിക്കുകയാണ്. എന്ത് ചെയ്യാൻ പറ്റും അവരെ ബോധവൽക്കരിക്കുന്നതിനുവേണ്ടിയുള്ള പണം നീക്കി വച്ചിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം : വ്യാജ മദ്യത്തെ അനുകൂലിച്ചുകൊണ്ടും വ്യാജമദ്യം കുടിക്കണ്ട എന്നും പറയുന്നുണ്ട്. വ്യാജമദ്യത്തെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ന്യായമായ വിലയ്ക്ക് മദ്യത്തിനകത്ത് വിഷം ചേർക്കാതെ വിൽക്കുന്ന ഒരു അവസ്ഥ ഉണ്ടാക്കാൻ ശ്രദ്ധിക്കേണ്ട ചുമതലയുള്ള ഒരു മന്ത്രി ഇവിടത്തെ വ്യാജ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന മന്ത്രിയാകുന്നത് കഷ്ടമല്ലേ, ഗതികേടല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ബിനോയ് വിശ്വം തെറ്റായ അർത്ഥം വിചാരിക്കുന്നു. ഞാൻ അങ്ങനെ സ്വപ്നത്തിൽത്തന്നെ വിചാരിച്ചതല്ല. മദ്യം തന്നെ ഒരു കാലത്തും കുടിക്കണ്ട എന്ന് പറയാൻ തയ്യാറുള്ള ഒരാളാണ് ഞാൻ. കുടിക്കണമെന്ന് ആരെങ്കിലും പറയുമോ ആരും പറയില്ല. ഇന്നും പറയില്ല നാളെയും പറയില്ല. വിശ്വം പറഞ്ഞിട്ടുള്ള ആ കാര്യം അംഗീകരിക്കാൻ തയ്യാറാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. പി. രാജേന്ദ്രൻ : തൃശൂരിലെ അഭിവന്ദ്യനായ ആർച്ച് ബിഷപ്പ് നടത്തിയ ഒരു പ്രസ്താവന ഇന്നത്തെ തൃശൂർ പത്രത്തിൽ വന്നിട്ടുണ്ട്. ഇവിടെയും ചില പത്രങ്ങളിൽ വന്നിട്ടുണ്ട്. 'ഈ ഗവൺമെന്റ് ജനങ്ങളെ മദ്യത്തിൽ മുക്കി കൊല്ലുന്നു' എന്നാണ്. അദ്ദേഹം പറഞ്ഞത്. അദ്ദേഹം തൃശൂരിലെ ബിഷപ്പ് മാത്രമല്ല, അഖിലേന്ത്യാടിസ്ഥാനത്തിൽ ഇന്ന് ഏറ്റവും ശ്രദ്ധേയനായ ഒരു സഭയുടെ വ്യക്തി കൂടിയാണ്. ഇങ്ങനെയുള്ള വ്യക്തികൾകൂടി പറയുമ്പോൾ അത് ഇങ്ങനെ എഴുതി തള്ളേണ്ടതാണോ ?

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....ഇത് ഈ ബില്ലുമായി ബന്ധമില്ലാത്തതാണ്. ബില്ലുമായി ബന്ധമില്ലാത്ത കാര്യത്തിന് മറുപടി പറയണ്ട.

ശ്രീ. കെ. ശങ്കരനാരായണൻ : പിന്നെ പ്രധാനമായ ഒരു കാര്യം.

ശ്രീ. പി. ജയരാജൻ ഇവിടെ പറഞ്ഞതാണ്. വിൽപ്പന നികുതി നിയമം 7-ാം വകുപ്പിനെക്കുറിച്ച് വന്നിട്ടുള്ള ഹൈക്കോടതി വിധി റിട്ട് അപ്പീൽ നം. 3096/2001 എന്ന കേസാണ്. ഒ.പി. നമ്പർ 3096/2001 ഇതുമായി ബന്ധപ്പെട്ട കേസ് അല്ല. ഇനി ഇതിനെക്കുറിച്ച് ഫർതറായിട്ട് വല്ലതും ഉണ്ടെങ്കിൽ കുറേക്കൂടി പരിശോധിച്ച് അത് ഭാവിയിൽ പറയാവുന്നതാണ്. ഇനി ഉദ്യോഗസ്ഥരെക്കുറിച്ച് പറഞ്ഞ പരാമർശം. ഉദ്യോഗസ്ഥർ എന്ന് പറയുന്നത് ജനാധിപത്യ ഭരണ സംവിധാനത്തിൽ അത് ഏത് ഭരണത്തിലായാലും ഗവൺമെന്റിന്റെ ഭാഗമാണ്. ഉദ്യോഗസ്ഥർ ഇല്ലാതെ എം.എൽ.എ മാരും മന്ത്രിമാരും എം.പി മാരുമായിട്ട് ഏതെങ്കിലും കാലത്ത് ഏതെങ്കിലും രാജ്യത്ത് എവിടെയെങ്കിലും ഭരണം നടന്നിട്ടുണ്ടോ ? പക്ഷേ ഉദ്യോഗസ്ഥൻമാർ തെറ്റായി കൈകാര്യം ചെയ്താൽ അത് നിയന്ത്രിക്കും. നിയന്ത്രിക്കാതിരിക്കില്ല. ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജയരാജൻ : പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതു വിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri. Kodiyeri Balakrishnan : Sir, I move the following amendments:

(91) In clause (XVB) of section 2 of the principal Act proposed to be inserted by clause 2(1) after the word "Coffee" insert the word "Tea", and after the words "iron and steel", insert the words "granite and marble".

2.00 Noon.]

(94) Clause (xxiib) of Section 2 of the principal Act proposed to be inserted by clause 2(2) shall be recast as follows: "(xxiib) "smuggling" means transportation of any goods into the State or from the State by land or inland water, secretly or clandestinely without payment of duty or proper documents as specified in Sub Section (1) of Section 30 E of the Act,".

ഇതിൽ നോട്ടിഫൈഡ് ഗുഡ്സ് എന്നുള്ളതിനെ സംബന്ധിച്ചുള്ള നിർവ്വചനത്തിനാണ് 91-ാമത്തെ എന്റെ ഭേദഗതി. ഞാൻ പറയുന്നത് "notified goods means Coffee, Rubber, Cardamom, Ginger, Pepper, Arecanut, Cashewnut, Iron and Steel and any other goods notified by the Government " എന്നാണ്. അതിൽ കാപ്പിയെ പോലെതന്നെ തോട്ടം വിളയായിട്ടുള്ള തേയിലയും ഇന്ന് കള്ളക്കടത്ത് നടത്തുന്നുണ്ട്. സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ഗ്രാനൈറ്റ്, മാർബിൾ എന്നിവ കൂടി ഈ ചരക്കുകളുടെ ഇനത്തിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമായിട്ടുണ്ട്. ഇതൊക്കെ സാധാരണ ഗതിയിൽ കടത്തിക്കൊണ്ടുവരും എന്നുള്ള സംശയം നമുക്കുണ്ടെങ്കിലും സർക്കാർ ജീവനക്കാരുടെ സമരം നടന്ന കാലത്ത് കോടിക്കണക്കിനു രൂപയുടെ മാർബിളും ഗ്രാനൈറ്റും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ അനധികൃതമായി കടത്തിക്കൊണ്ടുവന്നു എന്നുള്ള സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ ഭാവിയിൽ നമുക്ക് നല്ലത് നോട്ടിഫൈഡ് ഗുഡ്സിന്റെ സ്ഥാനത്ത് എന്റെ ഭേദഗതി കൂടി അംഗീകരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാനൈറ്റും മാർബിളും അതുപോലെ തന്നെ ടീയും ഇതിനകത്ത് ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു ഭേദഗതി വേണം എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ 94-ാമത്തെ ഭേദഗതിയിൽ ഞാൻ നിർദ്ദേശിച്ചിട്ടുള്ളത് ഇവിടെ "smuggling" എന്നുള്ളതിനെ സംബന്ധിച്ച് ഒരു നിർവ്വചനം കൊടുത്തിട്ടുണ്ട്. "smuggling" എന്നതിനെ സംബന്ധിച്ച് നിർവ്വചനം കൊടുത്തിരിക്കുന്നത് Smuggling means "Transportation of goods without proper documents as specified in Sub Section (1) of Section 30E of the Act" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ കള്ളക്കടത്ത് നടത്തി എന്ന നിർവ്വചനത്തിൽ കൂടുതൽ വ്യക്തതയും, കൂടുതൽ വ്യാപ്തിയും വേണം അല്ലെങ്കിലാണ് കോടതി ഇതിനെ സംബന്ധിച്ച് ഇടപെടുന്നത്. Cofepossa ഇപ്പോൾ നിലനിൽക്കുന്നില്ല. Cofepossa-യിൽ ഇതിനെ സംബന്ധിച്ചുള്ള നിർവ്വചനമുണ്ട്. "Smuggling"-നെ സംബന്ധിച്ച് കസ്റ്റംസ് ആക്ടിൽ നിർവ്വചനമുണ്ട്. Smuggling-നെ സംബന്ധിച്ച് കസ്റ്റംസ് ആക്ടിൽ കൊടുത്തിരിക്കുന്ന നിർവ്വചനത്തിന് സമാനമായ വിധത്തിൽ ഈ കള്ളക്കടത്തിന്റെ എല്ലാ ദൃഷ്യങ്ങളും തടയത്തക്കവിധത്തിൽ പഴുതുകൾ അടച്ചുകൊണ്ടുള്ള ഒരു നിർവ്വചനം വേണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ കസ്റ്റംസ് ആക്ടിന് സമാനമായിട്ടുള്ള ഭേദഗതി വേണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്.

Shri. M.V.Jayarajan : Sir, I move the following amendments:

(92) In clause (XVB) of Section 2 of the principal Act proposed to be inserted by clause 2(1) delete the words "and any other goods notified by Government".

(96) In clause (xxiib) of Section 2 of the principal Act proposed to be inserted by clause 2 (2) substitute the word "documents" by the words "permit issued by the officer empowered in this behalf."

92-ാമത്തെ ഭേദഗതിയിൽ പറയുന്നത് "any other goods notified by the Government" എന്നാണ്. ഗവൺമെന്റിന് ഇവിടെ സെയിൽസ് ടാക്സ് ആക്ടിൽ വിവരിക്കപ്പെട്ടിട്ടുള്ള കോഫി ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്കും അയൺ ഉൾപ്പെടെയുള്ള മറ്റ് ഉൽപ്പന്നങ്ങൾക്കും പുറമേ മറ്റ് ഏത് ഉൽപ്പന്നത്തെയും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് Power deligate ചെയ്ത് ഇതിന്റെ പരിധിയിൽ കൊണ്ടുവരാം. അത് യഥാർത്ഥത്തിൽ ഒരു ആർബിട്രറിയായിട്ട് ഉപയോഗിക്കാൻ സാദ്ധ്യതയുള്ളതാണ്. അങ്ങനെ ഒരു അധികാരം കൊടുത്തുകൂടാ. ഏത് സാധനമാണോ ഇതിന്റെ പട്ടികയിൽ പെടുത്തേണ്ടത് അത് കൃത്യമായി ഇവിടെ നിർവ്വചിച്ചിട്ടുണ്ട്. ഇനി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ മറ്റെതെങ്കിലും ഐറ്റം കൂടി ഉൾപ്പെടുത്തണമെങ്കിൽ അതുകൂടി നമ്മുടെ ആക്ടിൽ ഉൾപ്പെടുത്താം. ആക്ടിൽ ഉൾപ്പെടുത്തിയ സാധനങ്ങൾക്കു പുറമേ മറ്റ് സാധനങ്ങൾ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ ആർബിട്രറിയായി കൊണ്ടുവരുന്നത് തടയണം. അതുകൊണ്ട് ഈ പറയുന്ന "any other goods notified by the Government" എന്നത് എടുത്തുകളയണം. എന്നതാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

92-ാമത്തെ ഭേദഗതി. "smuggling" സംബന്ധിച്ച നിർവ്വചനമാണ് അതിന് കൊടുക്കുന്നത്. പെർമിറ്റിനു പുറമേ സെയിൽസ് ടാക്സ് നിയമം അനുശാസിക്കുന്ന ഡോക്യുമെന്റ് കൂടി ഹാജരാക്കേണ്ടതുണ്ട് എന്നാണ് പറയുന്നത്. പെർമിറ്റ് കൊടുക്കുന്നതുതന്നെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ നിശ്ചയിച്ച തീയതിയിൽ കാഷ് ക്രെഡിറ്റ് ചെയ്താൽ മാത്രമാണ്. അതിന് നിയമമുണ്ട്. പെർമിറ്റ് വാങ്ങിയ ഒരാളോട് വീണ്ടും മറ്റു ഡോക്യുമെന്റുകൾ കൂടി വേണമെന്നുപറഞ്ഞ് ആ രീതിയിൽ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. അതുകൊണ്ട് പെർമിറ്റ് ഉള്ളവരോട് ഇനി അവർക്ക് ടാക്സ് പെനാൽറ്റിയൊക്കെ വാങ്ങി ആ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കാൻ പറയണം. അതുകൊണ്ട് പെർമിറ്റ് എന്നുള്ളതാണ് ഇവിടെ പറയേണ്ടത്. പെർമിറ്റ് കൊടുക്കുന്നതുതന്നെ ആതറൈസ്ഡ് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരാണ്. അതുകൊണ്ട് ഡോക്യുമെന്റിനു പകരം "Permit issued by the authorised officer" എന്നുള്ള രീതിയിൽ 96-മത്തെ ഭേദഗതി ഞാൻ മൂവ്ചെയ്യുകയാണ്.

Prof. Savithri Lekshmanan : Sir, I move the following amendment.

(93) In caluse (XVB) of Section 2 of the principal Act proposed to be inserted by clause 2 (1) add the words "from time to time" at the end.

വിജ്ഞാപനം ചെയ്യപ്പെടുന്ന ചരക്കുകളുടെ കാര്യത്തിൽ ഇപ്പോൾ പറഞ്ഞിരിക്കുന്ന ചരക്കുകൾ കൂടാതെ കൂടുതൽ ചരക്കുകൾ വിജ്ഞാപനം ചെയ്യുംപോൾ ഗവൺമെന്റിന് അതിനുവേണ്ടി അവസരം കൊടുക്കുംപോൾ "As may be notified by the Government" എന്നുമാത്രം പറഞ്ഞ് നിർത്തുംപോൾ ഒരു അവ്യക്തതയുണ്ട്. സർക്കാർ ഒരിക്കൽ മാത്രമല്ലല്ലോ നോട്ടിഫൈ ചെയ്യുന്നത്. ഒരുപക്ഷെ പിന്നീട് പല പ്രാവശ്യമായിട്ട് ഈ നോട്ടിഫിക്കേഷൻ വേണ്ടിവരാം, അതുകൊണ്ട് "notified by the Government" കഴിഞ്ഞിട്ട് "from time to time" എന്നുകൂടി വേണം എന്നുള്ളതാണ് എന്റെ ഭേദഗതി. ആ ഭേദഗതി അംഗീകരിക്കുന്നില്ല എങ്കിൽ ബഹുമാനപ്പെട്ട മന്ത്രി 30 (ഇ)-(1) ൽ "from tiem to time"എന്ന പരാമർശം നടത്തിയത് ഒരു ഓറൽ ഭേദഗതി കൊണ്ടുവന്ന് മാറ്റിത്തരണം.

മി. സ്പീക്കർ : "May be notified"എന്നുവച്ചാൽ ഒരു പ്രാവശ്യമേ നോട്ടിഫൈ ചെയ്യാവൂ എന്നല്ല. "May be notified" എന്നുവച്ചാൽ എത്ര പ്രാവശ്യം വേണമെങ്കിലും നോട്ടിഫൈ ചെയ്യാം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഞാനിപ്പോൾ പറഞ്ഞതാണ്, 30(ഇ) യിൽ "from time to time" പറയുന്നുണ്ട്. അപ്പോൾ ഒരേ നിയമത്തിൽ ഒരു കാര്യം ദ്യോതിപ്പിക്കാൻ ഒന്നിലധികം പ്രാവശ്യം വ്യത്യസ്തമായ സംവിധാനം പാടില്ലല്ലോ. അതുകൊണ്ട് ഒന്നുകിൽ ഇവിടെ ടൈം ടു ടൈം പറയുക, അല്ലെങ്കിൽ അതുപോലെ ഒരു ഓറൽ ഭേദഗതി കൊണ്ടുവന്ന് തീട്ടുക. ദയവായി ഭേദഗതി അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Balan : Sir, I move the following amendment.

(95) Clause (xxiib) of Section 2 of the principal Act proposed to be inserted by clause 2 (2) shall be recast as follows : "(xxiib) "smuggling" means transportation of goods without a valid permit issued by the officer empowered to do so under Sub Section (1) of Section 30E of the Act."

ബഹുമാനപ്പെട്ട എം.വി. ജയരാജൻ പറഞ്ഞ അതേ പോയിന്റ് തന്നെയാണ്. അതിന്റെ ഡോക്യുമെന്റ്, ബിൽ, ഇൻവോയിസ് ഇതൊക്കെ കൊണ്ടുവരുന്നതിനു പകരം കൺസേൺഡ് ഓഫീസറുടെ അടുത്തുനിന്ന് ഒരു പെർമിറ്റ് മതി എന്നുള്ളതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ ശങ്കരനാരായണൻ): ഇതിൽ വലിയ മാറ്റങ്ങൾ ഇപ്പോൾ വരുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 91, 94 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം.വി. ജയരാജൻ അവതരിപ്പിച്ച 92, 96 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri A. K. Balan : Sir, I move the following amendment:

(100) In sub section (7C) of the principal Act proposed to be inserted by clause3, insert the words "whose total turnover is less than Rs.5 Lakhs" in between the words "section 7 of the Act" and "a certificate issued".

അഞ്ചു ലക്ഷത്തിനു താഴെ ടേൺ ഓവർ ഉള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഇതിന് എക്സംപ്ഷൻ വേണം. സർട്ടിഫിക്കറ്റ് മതി എന്ന രൂപത്തിലുള്ള ഒരു എക്സംപ്ഷൻ വേണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri A. K. Balan: Sir, I move the following amendment.

(107) In sub section (7C) of the principal Act proposed to be inserted by clause 3, insert the words "or within 15 days whichever is earlier" in between the words "succeeding month" and "from the date of such deduction"

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ ഏഴിലുള്ള ഭേദഗതി 7(ബി) ക്കുശേഷം 7(സി) കൂടി ചേർക്കണമെന്നുള്ളതാണ്. അതിൽ ഈ കോൺട്രാക്ടറിൽ നിന്നും അവാർഡർ പിടിച്ചെടുക്കുന്ന തുക ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതിപ്രകാരം 35 ദിവസം കൈവശംവയ്ക്കാമെന്നാണ്. 35 ദിവസം കൈവശം വയ്ക്കേണ്ട യാതൊരു ആവശ്യവുമില്ല. അടുത്ത് ഒരു മാസം കഴിഞ്ഞ് 5-ാം തീയതി അടച്ചാൽ മതിയെന്നാണ്. അത് 15 ദിവസമായി ചുരുക്കണം.

Shri.P. Jayarajan : Sir, I move the follosing amendment :

(108) In sub section (7C) of the principal Act proposed to be inserted by clause 3, add the following two provisos namely:- "Provided that no such certificate shall be required if the contractor is willing for deduction of the tax as stipulated in section (7B). Also provided that no such certificate shal be insisted from the contractor, if the aggregate amount of the contract awarded to him for the whole year is below Rs. 2 lakhs."

7(സി) ക്കുശേഷം രണ്ട് പ്രൊവിസോ ആഡ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. "Provided that no such certificate shall be required if the contractor is willing for deduction of the tax as stipulated in section (7B)" ഈ 'സീമെൻസ്' -ലെ ഹൈക്കോടതി വിധി വരുന്നതിനുമുമ്പ് 7(ബി) പ്രകാരം നികുതി കിഴിവിന് കരാറുകാർ സമ്മതിച്ചാൽ ബാക്കി പണം ലഭിക്കുമായിരുന്നു, പക്ഷെ ഇപ്പോഴത്തെ പുതിയ ഭേദഗതി കിഴിവ് നടത്തിയാലും ഇല്ലെങ്കിലും സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതാണ്. ഏതുതരം കരാറുകാരനും നികുതി നിർണ്ണയാധികാരിയെ, കോൺട്രാക്ടറെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ആ സർട്ടിഫിക്കറ്റ് വാങ്ങിയാൽ മാത്രമേ അങ്ങനെ കോൺട്രാക്ടർക്ക് പണം കിട്ടൂ. ഇത് കൂടുതൽ സങ്കീർണ്ണവും ബുദ്ധിമുട്ടുള്ളതുമാണ്. രണ്ടാമത് ചെറുകിട കരാറുകാർക്ക് ആശ്വാസം ലഭിക്കാനാണ് രണ്ടുലക്ഷം രൂപ പരിധി നിർദ്ദേശിക്കുന്നത്. വിൽപ്പന നികുതി നിയമപ്രകാരം അസ്സസ്സബിൾ മിനിമം ടേൺ ഓവർ വർഷത്തിൽ രണ്ടുലക്ഷം ഉറുപ്പികയാണ്. ഒരു കരാറുകാരന് പല അവാർഡർമാരുമായും ഇടപാട് ഉണ്ടാകാം എങ്കിലും രണ്ടുലക്ഷം രൂപ എന്ന പരിധി ചെറുകിടക്കാർക്ക് വളരെയധികം ആശ്വാസം നൽകും. അതുകൊണ്ടാണ് ഈ രണ്ടു ഭേദഗതികളും ഞാൻ മൂവ് ചെയ്യുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഇതിൽ വലിയ ഭേദഗതികൾ ആവശ്യമില്ല, അതുകൊണ്ട് ഇത് സ്വീകരിക്കുന്നില്ല.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതിയും ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

നാലാം വകുപ്പ്

Shri Kodiyeri Balakrishnan : Sir, I move the following amendment:

(109) In section 22 (1) of the principal Act proposed to be inserted by clause 4, for the words "if any, already paid", substitute the words "if any, already paid or liable to pay under the Act".

ഇത് നിലവിലുള്ള സെക്ഷൻ 22-ന്റെ ഒന്നാം ഉപവകുപ്പ് അനുസരിച്ച് ഒരു രജിസ്റ്റേർഡ് ഡീലർ കൺസ്യൂമറിൽ നിന്ന് നിശ്ചിത തുക വസൂലാക്കി കഴിഞ്ഞാൽ സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ സർക്കാരിൽ അത് അടയ്ക്കണം. ഇങ്ങനെ അടയ്ക്കുന്ന സമയത്ത് അയാൾ പ്രവേശന നികുതി ഇനത്തിൽ ടാക്സ് അടച്ചിട്ടുണ്ടെങ്കിൽ അത് കുറച്ച് ബാക്കി അടയ്ക്കാൻ വ്യവസ്ഥ നൽകുന്നതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് "After giving set off to the cntry tax, if any, already paid." എന്നാണ്. അതിനർത്ഥം അയാൾ പ്രവേശന നികുതി ഇനത്തിൽ അടച്ചിട്ടുള്ള ടാക്സ് കുറച്ച് ബാക്കി തുക മാത്രം സർക്കാരിൽ അടച്ചാൽ മതിയെന്നാണ്. ഇങ്ങനെ വരുംപോൾ പ്രവേശന നികുതി അസ്സസ്സ് ചെയ്ത് അയാൾ എന്തു തുക പ്രവേശന നികുതി ഇനത്തിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ് എന്ന് തിട്ടപ്പെടുത്തണം. ആ തുക അയാളിൽ നിന്ന് ഈടാക്കിയതിനുശേഷം ബാക്കി തുക എത്രയുണ്ടോ ആ തുകയായിരിക്കണം കൺസ്യൂമറിൽ നിന്ന് ഈടാക്കിയ തുകയിൽ കുറവ് ചെയ്യേണ്ടത്. ഇങ്ങനെവരുംപോൾ അങ്ങനെയാണ് ഭാഗികമായിട്ട് വരുന്നത്.

അസസ്മെന്റ് പൂർത്തിയാകാതെ അയാൾ അടച്ച തുക കുറച്ച് ബാക്കി തുക മാത്രം ട്രഷറിയിൽ അടയ്ക്കണമെന്നു പറയുന്നത് നികുതി വെട്ടിപ്പിന് ഇടയാക്കില്ലേ എന്നാണ് എന്റെ സംശയം. ഉദാഹരണമായിട്ട് ഒരു ലോഡ് കോഴി സംസ്ഥാനത്തിന് അകത്തേക്ക് കടന്നുവരുമ്പോൾ അയാൾ നിശ്ചിത തുക പ്രവേശന നികുതി നല്കണം. അയാൾ ആ തുക നൽകിയാൽ പിന്നീട് പരിശോധനയിൽ ആ തുക കുറവാണെന്നുകണ്ടാൽ യഥാർത്ഥത്തിൽ അയാൾ എന്തു തുകയാണോ പ്രവേശന നികുതിയിനത്തിൽ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നത് അത്രയും തുക തന്നെ ഈടാക്കാനുള്ള വ്യവസ്ഥ വേണം. അതിനാൽ എന്റെ ഭേദഗതി Tax paid എന്നതിനുപകരം Tax paid or payable എന്നു ചേർത്താൽ അത് ഒഴിവാക്കാൻ സാധിക്കും. ആയിരം കോഴികൾക്ക് രണ്ടായിരം രൂപ ടാക്സ് അടയ്ക്കണമെങ്കിൽ ആയിരം രൂപയേ അടച്ചിട്ടുള്ളുവെങ്കിൽ ബാക്കി ആയിരം രൂപ കൂടി അയാളിൽ നിന്ന് ഈടാക്കാനുള്ള വ്യവസ്ഥ വേണം, എന്നതുകൊണ്ടാണ് സർ, ഒരു ഉദാഹരണം ഞാൻ പറഞ്ഞതാണ്. ഇത് വേണമെന്ന് ഞാൻ പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി സാധാരണ മറ്റുള്ളതിന് പറയുന്നതുപോലെ ഇതിന് പറഞ്ഞാൽ പോരാ. ഒന്നുകിൽ കേസ് നോക്കി പഠിച്ചിട്ട് പറയണം. എല്ലാത്തിനും വേണ്ട, വേണ്ട, എന്നുപറഞ്ഞിട്ട് നടത്തുന്ന ബില്ലിന്റെ ചർച്ച അത്ര സുഖകരമല്ല. മന്ത്രിക്ക് വിഷമമുണ്ടെങ്കിൽ ലാ മിനിസ്റ്ററെ ഏൽപ്പിച്ചിട്ട് ഈ ബിൽ മര്യാദയ്ക്ക് നടത്താനുള്ള ക്രമീകരണം ഉണ്ടാക്കണമെന്ന് ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(ശ്രീകെ. ശങ്കരനാരായണൻ): ഈ പറഞ്ഞതിന് എനിക്ക് വിഷമമൊന്നുമില്ല. വിഷമത്തിന്റെ ആവശ്യമില്ല. ഇത് അങ്ങ് പറഞ്ഞത് അംഗീകരിക്കേണ്ട ആവശ്യമില്ല. അല്ലാതെതന്നെ entry tax ഉണ്ട്. entry tax അടച്ചിട്ടുണ്ടെങ്കിൽ മറ്റേ ടാക്സ് സെറ്റ് ഓഫ് ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri Kodiyeri Balakrishnan : Sir, I move the following amendments :

(110) Section 30 E (1) of the principal Act proposed to be inserted by clause 5 (1), after the words "Notwithstanding anything contained in this Act", add the words "or the Abkari Act, 1077".

(2) after the words "cashew nut" insert the words "toddy, arrack, spirit-rectified or non rectified spirit, foreign liquor, ganja, opium or other psychotropic substances".

(112) In section 30 E sub-section (I) of the principal Act proposed to be inserted by clause 5 (1) after the word "coffee" insert the word "tea".

(2) after the words "iron and steel" insert the words "the value of which exceeds two thousand rupees".

(132) In Section 30E (2) of the principal Act proposed to be inserted by Clause 5, for the words "any officer " substitute the words "any officer not below the rank of a Sales Tax Officer".

(134) In Section 30E (2) of the principal Act proposed to be inserted by Clause 5 delete the words "within the State".

(137) In Sub Section (3) of Section 30E of the principal Act proposed to be inserted by Clause 5 for the words "he may without any unreasonable delay" substitute the words "he shall immediately".

(139) In Sub Section (4) of Section 30E of the principal Act proposed to be inserted by Clause 5

(1) for the words "the driver or other person in charge of the vehicle" substitute the words "the registered owner, driver or other person in charge of the vehicle".

LIBRARY ARCHIVES Kerala Legislative Assembly

(2) Delete the first proviso to Sub Section (4) of Section 30E.

(3) In the Second proviso to Sub Section (4) of Section 30E, the words "a penalty equal to thrice the amount of tax" substitute the words "a penalty equal to five times the amount of tax" and for the words "twice the amount of tax due for an amount of Rupees fifty thousand Rupees" substitute the words "five times of the amount of tax due or an amount of Rupees one lakh whichever is higher".

(158) In Section 30E (5) of the principal Act proposed to be inserted by Clause 5 for the words "the authorised officer may confiscate" substitute the words, "the authorised officer shall confiscate".

(168) Delete the Proviso to Sub-Section (8) of Section 30E proposed to be inserted by Clause 5.

(171) Delete the Proviso to Sub-Section 9 of Section 30E proposed to be inserted by Clause 5.

സർ 5-ാം വകുപ്പിൽ എന്റെ കുറേയധികം ഭേദഗതികൾ ഉണ്ട്.

മി.സ്പീക്കർ: അത്യാവശ്യം ഉള്ളത് പറഞ്ഞാൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പറയുന്നത് കുറച്ചുപറയാം. എന്റെ 110-ാമത്തെ ഭേദഗതി എന്നുപറയുന്നത്. കള്ളക്കടത്ത് സാധനങ്ങളുടെ ലിസ്റ്റിൽ പാരായം, സ്പിരിറ്റ്, മദ്യം എന്നിവ കൂടി ചേർക്കണം എന്നതാണ്. സർ, അബ്ക്കാരി ആക്ടിൽ മുൻ സർക്കാരിന്റെ കാലത്ത് ഒരു ഭേദഗതികൂടി കൊണ്ടുവന്നിരുന്നു. അങ്ങനെ കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് വണ്ടി പിടിച്ചെടുക്കാനുള്ള അധികാരം പോലീസിനും എക്സൈസിനും നൽകിയിട്ടുണ്ട്. അതിനുള്ള അധികാരം സെയിൽടാക്സ് ഉദ്യോഗസ്ഥൻമാർക്കുകൂടിനൽകുന്നത് കള്ളക്കടത്ത് തടയാൻ വളരെ സഹായകമായിരിക്കും. ഏറ്റവും കൂടുതൽ വ്യാജ സ്പിരിറ്റ് സംസ്ഥാനത്തിലേയ്ക്ക് ഒഴുകുന്ന ഒരു ഘട്ടമാണിത്. ഇത് പിടിക്കുന്നതിനുള്ള അധികാരം വിൽപ്പന നികുതി വകുപ്പിനില്ല. അതിന് അവർക്കുകൂടി വ്യവസ്ഥനൽകുന്ന വിധത്തിലാണ് എന്റെ 110-മത്തെ ഭേദഗതി. സർ എന്റെ 112-ാം നംബർ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് കോഫി, കാർഡമം, ജിൻജർ, പെപ്പർ, അടയ്ക്ക, കശുവണ്ടി, ഇരുമ്പ്, സ്റ്റീൽ, ഈ സാധനങ്ങൾ കള്ളക്കടത്ത് നടത്തുന്ന വണ്ടികളെ തടഞ്ഞുനിർത്തി കസ്റ്റഡിയിൽ എടുക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ സാധനങ്ങളുടെ കൂടെ തേയില കൂടി ചേർക്കണമെന്നതാണ് ഞാൻ നേരത്തെ പറഞ്ഞത്. തേയില ലേലം ഇപ്പോൾ തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ട് ഇപ്പോൾ തേയിലയും തുടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ ഒന്നാം ഉപവകുപ്പ് അനുസരിച്ച് പിടിച്ചെടുക്കുന്ന വാഹനത്തിന്റെ വിലയാണോ അതോ അതിൽ കൊണ്ടുവരുന്ന സാധനങ്ങളുടെ വിലയാണോ 2500 രൂപ എന്ന് ഇപ്പോൾ വ്യക്തമല്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചുനോക്കിയാൽ ഇതൊരു ഡ്രാഫ്റ്റിംഗ് മിസ്റ്റേക്ക് ആകാനാണ് സാധ്യത. അതുകൊണ്ട് അതൊന്ന് നോക്കണം. ഈ വാചകത്തിന്റെ സബ്ജക്ട് vehicle or vessel എന്ന് എടുത്താൽ വാഹനത്തിന്റെ വില 2500 രൂപ എന്ന് വ്യാഖ്യാനിക്കാനുള്ള അവസരം ഉണ്ടാകും. അങ്ങനെ വരാൻ പാടില്ല. യഥാർത്ഥത്തിൽ കള്ളക്കടത്ത് സാധനങ്ങളുടെ വിലയാണ് ഉദ്ദേശിക്കുന്നത് എന്നാണ് തോന്നുന്നത്. ഈ 2500 രൂപ വ്യക്തമാക്കാനാണ് വീണ്ടും ഒരു ഭേദഗതി. "iron and steel"എന്നീ വാക്കുകൾക്ക് ശേഷം "Rupees Two Thousand and Five Hundred" ആ വിധത്തിൽ ഒന്ന് റീകാസ്റ്റ് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി. 132 സംബന്ധിച്ച് ഞാൻ കൊടുത്തിട്ടുള്ളത് ഇതിനകത്ത് പറയുന്നത് നോക്കുമ്പോൾ വാഹനം തടഞ്ഞ് നിർത്തി പരിശോധിക്കാനുള്ള അധികാരം ഇതിൽ പറയുന്നത് സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് നൽകാനാണ് ഈ ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സർക്കാർ അധികാരപ്പെടുത്തുന്ന ഈ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരം നൽകുന്നു എന്ന് ഈ നിയമത്തിൽ പറയണം. Any officer എന്നുപറഞ്ഞാൽ വിൽപ്പന നികുതി വകുപ്പിലെ ഏത് ഓഫീസർ ആയാലും ആകാം. ഓഫീസർ എന്നുപറയുന്ന കൂട്ടത്തിൽ ക്ലാസ്ഫോർ വരുമോ എന്ന് എനിക്ക് അറിയില്ല. അങ്ങനെവന്നാൽ അവരേയും അതിനകത്ത് വ്യാഖ്യാനിക്കാം. അതുകൊണ്ട് "Any officer not below the rank of a Sales Tax Officer" എന്ന ഭേദഗതിയാണ് ഞാൻ ഈ 132 കൊണ്ട് ഉദ്ദേശിക്കുന്നത്. എന്റെ 134-ാം നംബർ ഭേദഗതിയിൽ 30 (ഇ) വകുപ്പിൽ 2-ാം ഉപവകുപ്പിലുള്ള "within the State"എന്ന വാക്കുകൾ ഒഴിവാക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഒരു സെയിൽസ് ടാക്സ് ഓഫീസർക്കോ അല്ലെങ്കിൽ ആ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാർക്കോ സംസ്ഥാനത്തിന്റെ ഭൂവിസ്തൃതി അനുസരിച്ചുകൊണ്ട് സംസ്ഥാനത്തിന് അകത്തുള്ള കാര്യങ്ങൾ മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. സെയിൽ ടാക്സ് ആക്ട് കേരള നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ്. ഈ നിയമം തമിഴ്നാട്ടിൽ നടപ്പിലാക്കാൻ കഴിയുമോ? അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കണം എന്ന് ഉദ്ദേശിച്ചല്ല ഇതുകൊണ്ടുവരുന്നത്. അതുകൊണ്ട് ആക്ടിനകത്ത് അത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. "Kerala as a whole" എന്നുപറഞ്ഞിട്ടുണ്ട്. സർ കള്ളക്കടത്ത് സാധനങ്ങൾ ഉണ്ടെന്ന് സംശയിക്കുന്ന വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കാനുള്ള അധികാരം മാത്രമേ ഉദ്യോഗസ്ഥൻമാർക്കുള്ളൂ. മറിച്ച് ചെയ്താൽ നിയമപരമായിട്ട് നിലനിൽക്കില്ല. "within the state" എന്ന വാക്കുകളുടെ, ആവശ്യമില്ല. അത് സുപ്രീംകോടതി മാത്രമായിട്ട് മാറും. അത് എടുത്തുകളയണം. അതുകൊണ്ട് അത്തരത്തിൽ ഒരു ഭേദഗതി വരണം എന്നാണ് എന്റെ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. 134-ൽ 30(ഇ) വകുപ്പനുസരിച്ച് വാഹനവും സാധനവും പിടിച്ചാൽ അത് പിടിച്ച ഉദ്യോഗസ്ഥൻ ആവശ്യത്തിനായി സർക്കാർ നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ മുമ്പാകെ വാഹനവും സാധനവും ഹാജരാക്കണം.. വാഹനവും സാധനവും എപ്പോൾ ഹാജരാക്കണമെന്നാണ് ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നത് "without any unreasonable delay". അകാരണമായ കാലതാമസം വരുത്താതെ വാഹനവും സാധനവും ഹാജരാക്കണം എന്നുമാത്രമേ വരുന്നുള്ളൂ. ഈ വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ദുർവ്യാഖ്യാനിക്കാൻ ഇടയുണ്ട്. എന്തെങ്കിലും തുടർന്യായം പറഞ്ഞുകൊണ്ട് വാഹനം ഹാജരാക്കാതിരിക്കാൻ അത് ഉദ്യോഗസ്ഥൻമാർക്ക് അവസരം നൽകും. അത് കൈക്കൂലിക്കും അഴിമതിക്കും വഴിവയ്ക്കുന്നു. ഈപ്പോൾ ധാരാളം വാർത്ത മലയാള മനോരമ പ്രസിദ്ധീകരിച്ചത് നോക്കുമ്പോൾ ഇത് വളരെ പ്രസക്തമാണ്. അതുകൊണ്ട് വാഹനം പിടിച്ചാൽ ഉടനെതന്നെ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മുമ്പാകെ ഹാജരാക്കാനുള്ള അനന്തര നടപടികൾ സ്വീകരിക്കണം. അതിന് ഉതകുന്ന വിധത്തിലാണ് "without any unreasonable delay" എന്നുപറയുന്നതിനുപകരം "immediately"എന്ന വാക്ക് ചേർക്കണം എന്നാണ് ഞാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നിയമത്തിന് കുറച്ചുകൂടി വ്യക്തത വരുത്താൻ സഹായകമായിരിക്കും.139-നെ സംബന്ധിച്ച് മൂന്നു കാര്യങ്ങളാണ് അതിനകത്ത് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ദിവസം ഇവിടെ ചോദ്യോത്തര സമയത്ത് ബഹുമാനപ്പെട്ട ദേവകുമാറിന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു, പിടിച്ചെടുത്ത വാഹനങ്ങളേയും ഡ്രൈവറേയും ക്ളീനറേയുമല്ലാതെ ആ വാഹനത്തിന്റെ ഉടമയേയോ കള്ളക്കടത്ത് സാധനങ്ങളുടെ ഉടമയേയോ ഏതെങ്കിലും ഒരു കേസിൽ അറസ്റ്റ് ചെയ്യുകയോ, കേസിൽ പ്രതിയാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞു, തന്ത്രപൂർവമാണ് മന്ത്രി മറുപടി പറഞ്ഞതെന്ന് തോന്നുന്നു, കള്ളക്കടത്ത് സാധനങ്ങൾ പിടിച്ചാൽ ഡ്രൈവറേയും ക്ളീനറേയും മാത്രമല്ലാതെ ആ വാഹനത്തിന്റെ രജിസ്ട്രേഡ് ഓണറെക്കൂടി അറസ്റ്റ് ചെയ്ത് കേസിൽ പ്രതിയാക്കണം. എന്നാലേ കള്ളക്കടത്തിന് വാഹനങ്ങൾ വിട്ടുകൊടുക്കുന്നതിന് ഉടമകൾ തയ്യാറാകാത്ത സ്ഥിതിവരികയുള്ളൂ. അതിനാൽ വാഹനത്തിന്റെ ഉടമകളെക്കൂടി കേസിൽ പ്രതിചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്റെ ഈ നിർദ്ദേശം. അതുപോലെതന്നെ അതിലെ 30 (ഇ) ഉപവകുപ്പിൽ ഞാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയും 4-ാം ഉപവകുപ്പനുസരിച്ച് കള്ളക്കടത്തുസാധനവും വണ്ടിയും പിടിച്ചെടുക്കാൻ വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഈ 4-ാം ഉപവകുപ്പിന്റെ പ്രോവൈസോ അനുസരിച്ച് വണ്ടിയും സാധനങ്ങളും പിടിച്ചെടുത്തുകഴിഞ്ഞാൽ സാധനങ്ങളുടേയും വണ്ടിയുടേയും ഉടമസ്ഥരെ എന്തിനാണ് വണ്ടി പിടിച്ചതെന്ന് വ്യക്തമാക്കിക്കൊണ്ട് നോട്ടീസ് കൊടുക്കണം. അവർക്ക് എന്താണ് പറയാനുള്ളതെന്ന് പറയാനുള്ള അവസരം കൊടുക്കണം. സാധാരണ വണ്ടിപിടിച്ചാൽ അതിൽ ഡ്രൈവറേയും ക്ളീനറേയും മാത്രമേ കസ്റ്റഡിയിൽ എടുക്കാറുള്ളൂ. വണ്ടികൾ തന്നെ യഥാർത്ഥ ഉടമസ്ഥന്റേത് അല്ലായിരിക്കും. ഇവിടെ പറഞ്ഞല്ലൊ അതിനാൽ ഇപ്രകാരം കൊടുക്കുന്ന നോട്ടീസ് അപ്രായോഗികമായിട്ട് വരും.ഇത് കാലതാമസത്തിനും അഴിമതിക്കും കുറ്റക്കാർ രക്ഷപ്പെടുന്നതിനും ഇടവരുത്തും. ഇത്തരത്തിൽ രാജ്യദ്രോഹ കുറ്റങ്ങളിൽ natural justice എന്ന പ്രശ്നം ഉണ്ടോയെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ഇത്തരം സാധനങ്ങൾ പിടിച്ചെടുത്തത് കാര്യക്ഷമമായി നടത്താൻ കഴിയുന്നവിധത്തിൽ ഒരു ഭേദഗതി വന്ന സാഹചര്യത്തിൽ പരിശോധിക്കണം. അതുപോലെതന്നെ വണ്ടിയും സാധനങ്ങളും പിടിച്ചെടുത്താൽ വണ്ടിയുടെയോ സാധനങ്ങളുടെയോ ഉടമസ്ഥൻ സാധനങ്ങൾക്ക് നൽകേണ്ട നികുതിയുടെ മൂന്നിരട്ടി തുക വസൂലാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കടത്ത് സാധനങ്ങളും നികുതിയുടെ ഇരട്ടി തുകയോ ഇല്ലെങ്കിൽ 50.000 രൂപയോ ഏതാണ് കൂടുതൽ അത്രയും തുക ഈടാക്കിക്കൊണ്ട് വാഹനം വിട്ടുകൊടുക്കാൻ 4-ാം ഉപവകുപ്പിൽ രണ്ടാമത്തെ പ്രോവൈസൊ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ തുക യഥാക്രമം 5 ഇരട്ടിയായി, 1 ലക്ഷം രൂപയെന്നാക്കി ഉയർത്തണമെന്ന ഒരു ഭേദഗതിയാണെനിക്കുള്ളത്. അഞ്ചാം വകുപ്പിൽ 158 എന്നൊരു ഭേദഗതിയുണ്ട്. അതിൽ ഞാനുദ്ദേശിച്ചത് ബന്ധപ്പെട്ടവർ പറാജരായി തെളിവ് നൽകാതിരുന്നാൽ വണ്ടിയും സാധനവും പിടിച്ചെടുക്കുവാനുള്ള അധികാരം ഓതറൈസ്ഡ് ഓഫീസർക്ക് നൽകുന്നതാണ് അഞ്ചാം ഉപ വകുപ്പ്. ഇവിടെ നേരത്തെ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ വേണമെങ്കിൽ വണ്ടി കണ്ടുകെട്ടാമെന്നുള്ള രീതിയിലാണിപ്പോൾ വ്യവസ്ഥ. " the authorised officer may confiscate" എന്നതിനുപകരം "the authorised officer shall confiscate" എന്നാക്കണം. "may" എന്ന് പറയുമ്പോഴത് മാൻഡേറ്ററിയാകുന്നില്ല. ഒരു ആക്റ്റ് കുറച്ചുകൂടി ശക്തമാക്കുന്നതിന് വേണ്ടി ഇത്തരത്തിലൊരു ഭേദഗതി നന്നായിരിക്കും. അല്ലെങ്കിലതിന്റെ ഓഫീസർക്ക് വിവേചനാധികാരം കിട്ടുന്ന ഒരു സ്ഥിതി വരും.

അതുപോലെതന്നെ എന്റെ 168-ാം ഭേദഗതിയിൽ പറയുന്നത്, പിടിച്ചെടുക്കുന്ന വാഹനങ്ങളും സാധനങ്ങളും തിരിച്ചുകൊടുക്കാനുള്ള അപേക്ഷ ഓതറൈസ്ഡ് ഓഫീസർക്ക് നല്കി, അദ്ദേഹത്തിന്റെ തീരുമാനത്തിൽ 30 ദിവസത്തിനകം ഡെപ്യൂട്ടി കമ്മിഷണർക്ക് അപ്പീൽ നൽകാമെന്നാണ്. 30 ദിവസത്തിനകം തക്കതായ കാരണങ്ങൾ കൊണ്ടാണ് അപ്പീൽ നൽകാതിരുന്നത് എന്ന് പറഞ്ഞാൽ ഡെപ്യൂട്ടി കമ്മീഷണർക്കും അതുപോലെതന്നെ കമ്മീഷണർക്കും റിവ്യൂ പെറ്റീഷൻ പരിഗണിക്കാൻ അധികാരം നൽകുന്നുണ്ട്. ഇത്തരം കള്ളക്കടത്തുകാർക്ക് ചിലപ്പോൾ പലതരത്തിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ട് രക്ഷപ്പെടാനുള്ള പഴുതുകൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് 30 ദിവസം അപ്പീലിനുള്ളത് മാത്രമായി പരിമിതപ്പെടുത്തി 8, 9 എന്നീ ഉപ വകുപ്പുകളുടെ പ്രോവൈസോ എടുത്തുകളയുക എന്നതാണ് എന്റെ നിർദ്ദേശം.

171-ാമത്തെ ഭേദഗതിയെ സംബന്ധിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇത്രയും ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

Shri Binoy Viswam : Sir, I move the following amendments

(118) In sub-section (1) section 30 E of the principal Act proposed to be inserted by clause 5 the words "which exceeds Rupees five thousand" shall be substituted for the words "two thousand and five hundred"

(154) In the third proviso to Section 30E(4) of the principal Act,proposed to be inserted by Clause 5 the words "seven days" to be substituted by the words "21 days".

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഈ ചെറിയ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. നോട്ടിഫൈഡ് ഗുഡ്സ് പിടിച്ചെടുത്തു കഴിഞ്ഞാൽ ബന്ധപ്പെട്ടവർക്ക് വലിയ ഫൈൻ ചുമത്താനുള്ള അവകാശമുള്ളതുകൊണ്ട്, ഇന്നത്തെ ഈ അവസ്ഥയിൽ നോട്ടിഫൈഡ് ഗുഡ്സിന്റെ വില 5,000 രൂപയാക്കി വർദ്ധിപ്പിക്കുന്നത് ശരിയാണെന്നാണെന്റെ പക്ഷം.

Shri A.K.Balan: Sir, I move the following amendment :

(119) In sub-section (1) of section 30 E of the principal Act proposed to be inserted by clause 5 substitute the words "Ten thousand" for the words "Two Thousand and five hundred". 30 'ഡി'ക്കുശേഷം 30 'ഇ'യും 'എഹു' മാണ് കൂട്ടിച്ചേർത്തത്. 2500 രൂപയിൽ കൂടുതൽ വിലയുള്ള സാധനങ്ങൾ വാഹനത്തിൽ കടത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പിടിച്ചാൽ പ്രത്യേക പെർമിറ്റില്ലെങ്കിൽ അത് കള്ളക്കടത്ത് സാധനമായിട്ടാണ് കണക്കാക്കുന്നത്. 30 'ഇ' സബ് ക്ലാസ് 4-ൽ വെഹിക്കിൾ പിടിച്ചെടുത്ത് കഴിഞ്ഞ് 50000 രൂപ കൊടുത്താൽ ഈ വെഹിക്കിൾ റിലീസ് ചെയ്യാം. ശ്രീ. ബിനോയ് വിശ്വം പറഞ്ഞതുപോലെ 2500 രൂപയുടെ പർവ്യൂവിൽ നോട്ടിഫൈഡ് ഗുഡ്സ് വരുന്നില്ല. നോട്ടിഫൈഡ് ഗുഡ്സ് ഒരു രൂപയുടേതായാലും അത് കള്ളക്കടത്താണ്. അപ്പോൾ 10 രൂപയുടെ നോട്ടിഫൈഡ് ഗുഡ്സ് പിടിച്ചാൽ 50000 രൂപ കെട്ടിവയ്ക്കണമെന്ന് പറഞ്ഞ് കഴിഞ്ഞാൽ അത് ഡ്രാക്കോണിയൻ (Draconian) നിയമമാണ്. അതുകൊണ്ട് 50,000 രൂപ എന്നുള്ളത് കുറയ്ക്കണം. മറ്റൊന്ന് 2500 രൂപ എന്ന് പറയുന്നത്, ഏത് സാധനത്തിനും 2500 രൂപ വരും. അത് 10,000 രൂപയെങ്കിലുമാക്കി മാറ്റണം.

Shri P. Jayarajan: Sir, I move the following amendments :

(122) In section 30 E (1) of the principal Act proposed to be inserted by clause 5 substitute the word "Twenty five thousand" for the words "Two thousand five hundred".

(129) In the "Note" to sub-section (1) of section 30 E proposed to be inserted in the principal Act by clause 5 insert the words "across the state" in between the words "notified goods" and "is not accompanied".

(151) In the second proviso to Section 30E(4) of the principal Act proposed to be inserted by Clause 5 for the words "fifty thousand" the words "ten thousand" shall be substituted.

(163) In the proviso to Section 30E(6) of the principal Act proposed to be inserted by Clause 5 substitute the words "Ten thousand" for the words "one lakh".

(173) Add the following as Sub-Section (12) in Section 30 E newly inserted in the principal Act by Clause 5.

LIBRARY ARCHIVES Kerala Legislative Assembly

(12) The vehicle confiscated under this section shall be sold by the authorised officer by Public auction and the sale proceeds shall be remitted to the government as provided in section 29 (A). The amount in excess of the penalty and other expenses or incidental charges shall be returned to the owner or the person in charge of the vehicle or goods as the case may be.

2,500 രൂപയുടെ പരിധിയാണിതിൽ പറയുന്നത്. അത് പെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായിട്ടുള്ള നിബന്ധനയാണ്. അതുകൊണ്ട് 25,000 രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് എന്റെ ഭേദഗതി. അതുപോലെതന്നെ 30 'ഇ'-യെക്കുറിച്ച് പറയുന്നത് സ്മഗ്ളിങ്ങിനെ സംബന്ധിച്ചാണ്. 'ഹെറ' നിയമത്തിലൊക്കെ സ്മഗ്ളിങ്ങിനെക്കുറിച്ച് നിർവചിച്ചിട്ടുണ്ട്. കയറ്റുമതി ചെയ്യുന്നതും ഇറക്കുമതി ചെയ്യുന്നതുമായിട്ടുള്ള നികുതി വെട്ടിപ്പ് നടത്തുന്ന സാധനങ്ങൾ മാത്രമാണ് ഈ കള്ളക്കടത്തിന്റെ പരിധിയിൽ വരുന്നത്. ഇത് സംസ്ഥാനത്തിന്റെ അകത്തുനിന്നും ഒരു ജില്ല മാറി മറ്റൊരു ജില്ലയിലേയ്ക്ക് കള്ളക്കടത്ത് നടത്തുന്നു എന്ന് വ്യാഖ്യാനിക്കുന്നതുപോലെയുള്ള വ്യവസ്ഥയാണ് ഈ ബില്ലിൽ ചേർത്തിട്ടുള്ളത്. അതുകൊണ്ട് ഈ സംസ്ഥാനത്തിന് പുറത്തേക്ക് ചരക്കുകൾ കൊണ്ടുപോകുമ്പോൾ എന്നാക്കി ഇത് ഭേദഗതി ചെയ്യേണ്ടതാണ്. സംസ്ഥാനത്തിനകത്ത് ഇന്റേണൽ മൂവ്മെന്റ് കള്ളക്കടത്തായി കണക്കാക്കുന്നത് അനീതിയാണ്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. അതുപോലെതന്നെ മറ്റൊന്ന് 3 'ഇ' 4-ലെ സെക്കന്റ് പ്രൊവൈസോ മാറ്റി, 50,000 രൂപ എന്നത് മാറ്റി 10,000 രൂപയെന്നാക്കേണ്ടതാണ്. ചെറിയ നികുതി വെട്ടിപ്പിനും 50,000 രൂപ എന്ന് പറയുന്നത് കഠിനമായ വ്യവസ്ഥയാണ്. അതുകൊണ്ട് ഇത് 10,000 രൂപ എന്നാക്കണം. നികുതി വ്യവസ്ഥയിൽ പെനാൽറ്റി എപ്പോഴും നികുതിയുമായിട്ട് ബന്ധപ്പെട്ടതാണ്. അതുകൊണ്ടത് 10,000 ആക്കി ചുരുക്കണം. ഇതാണ് അതിൽ പറയുന്നത്. 30 'ഇ' 6-ലെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്ന ഒരു ലക്ഷം രൂപയെന്നത് 10,000 രൂപ ആക്കി മാറ്റേണ്ടതാണ്. അതുപോലെതന്നെ 10-ൽ വാഹനം കണ്ടുകെട്ടിയാൽ അത് സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നാണ് പറയുന്നത്. സാധാരണ നടപടി ക്രമങ്ങൾക്കപ്പുറമുള്ള അധികാരം ചെയ്തു വിൽക്കുമ്പോൾ പിഴ സംഖ്യ കഴിച്ചുള്ള തുക കക്ഷിക്ക് മടക്കിക്കൊടുക്കേണ്ടതാണെന്നുള്ള ഒരു ചട്ടം കൂടി ചേർക്കേണ്ടതാണ്. അതിനുള്ള അമെന്റ് മെന്റാണ് 30 ഇ 11-ന് ശേഷം ചേർക്കേണ്ടത്.

Vehicle confiscated shall be sold by the Authorised Officer by public auction and the sale proceeds shall be remitted to the government as provided in section 29 (A). The amount in excess of the penalty.

അതുകൊണ്ട് ഈ തരത്തിലൊരു ഭേദഗതി വരുത്തണമെന്നാണ്.

Shri P. T. Thomas : Sir, I move the following amendments :

(123) In section 30 E (1) of the Principal Act proposed to be inserted by clause 5 after the words "or such amount as" add the words "may be".

(125) In section 30 E (1) of the principal Act proposed to be inserted by clause 5 delete the words "of the Act."

LIBRARY ARCHIVES Kerala Legislative Assembly

(142) In the first proviso to Section 30E (4) of the principal Act proposed to be inserted by Clause 5 delete the words "to" between the words "and" and "the owners".

(164) In section 30 E (7) proposed to be inserted by clause 5, delete the word "to" appearing after the word "referred".

Shri M.V. Jayarajan: Sir, I move the following amendments :

(124) In sub-section (1) of section 30E of the principal Act proposed to be inserted by clause 5 delete the words "or such amount as notified by the Government from time to time"

(150) In the second proviso to Section 30E(4) of the principal Act proposed to be inserted by Clause 5 for the words "fifty thousand" the words "five thousand" shall be substituted.

(172) In Sub Section (10) of Section 30 E newly inserted in the principal Act by Clause 5 substitute the words "shall be sold in Public auction and the amount in excess of the penalty and expenses or incidentals shall be returned to the party concerned" for the words "shall vest in the Government free from all encumbrances".

എന്റെ 124-ാമത്തെ ഭേദഗതിയിൽ 30 'ഇ' എന്ന് പറഞ്ഞിട്ട് പുതിയൊരു ക്ലോസാണ് ഇപ്പോൾ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. അതിനകത്ത് പറയുന്നത് കാർഷികോൽപ്പന്നങ്ങൾക്കും മറ്റ് ഉൽപ്പന്നങ്ങൾക്കും ശേഷം Any other goods notified by the Government the value of which exceeds Rs. 2,500 ഈ തുക വളരെ കുറവാണ്. ചിലർ അവതരിപ്പിച്ച ഭേദഗതി വഴി ഈ തുക വേണമെങ്കിൽ വർദ്ധിപ്പിക്കാം. അതിലെന്ത് ചെയ്യാമെന്ന് ചോദിച്ചാൽ അതിന്റെ മറവിൽ ഗവൺമെന്റിന് റിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് പവർ ഡെലിഗേറ്റ് ചെയ്തുകൊണ്ട് അതാത് സമയത്ത് അതിലാവശ്യമായിട്ടുള്ള മാറ്റം വരുത്താവുന്നതാണ്. തുക വർദ്ധിപ്പിക്കുവാനുള്ള അധികാരം വിട്ടു കൊടുത്താൽ റിൽപന നികുതി ഉദ്യോഗസ്ഥൻമാർ തീർച്ചയായും ലെജിസ്ലേഷനെ ദുരുപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് വില്പന നികുതി ഉദ്യോസ്ഥൻമാർക്ക് ആർബിട്രറിയായി തുക കുറയ്ക്കാനുള്ള സൗകര്യം അവർക്കുള്ളതുകൊണ്ട് എന്നുള്ള കാര്യംകൂടി കണക്കിലെടുത്ത് നമ്മുടെ കോഴി റിവാദമൊക്കെ ഉയർന്നുവന്ന പശ്ചാത്തലത്തിൽ തീർച്ചയായും ആർബിട്രറിയായി അധികാരം കൊടുത്തുകൂടാ എന്നുള്ളതാണ് എന്റെ 124-ാമത്തെ ഭേദഗതി. ഈ പറയുന്ന വെഹിക്കിൾസ്, വെസൽസ്, ഗുഡ്സ് ഇവ പിടിച്ചെടുത്തു കഴിഞ്ഞാൽ എന്ത് ചെയ്യണമെന്നുള്ളതാണ് 150-ാമത്തെ ഭേദഗതി. ഇവ പിടിച്ചെടുത്തു കഴിഞ്ഞാൽ ഇപ്പോൾ നിയമപ്രകാരം 3 ഇരട്ടി പെനാൽറ്റി ഈടാക്കും, അത് ഗുഡ്സാണെങ്കിലും വെസൽസാണെങ്കിലും അതിനും വ്യവസ്ഥയുണ്ട്. വെഹിക്കിളാണെങ്കിൽ രണ്ടിരട്ടി ടാക്സ് പെനാൽറ്റിയും അതോടൊപ്പം 50,000

LIBRARY ARCHIVES Kerala Legislative Assembly

രൂപ ഫൈനും. ഒരു സൈക്കിളിൽ ഒരാൾ 3 കിലോ റബ്ബർ കടത്തിക്കൊണ്ട് പോയി എന്ന് വിചാരിക്കുക. സൈക്കിളിന്റെ വില 2,000 രൂപയാണ്. പെനാൽറ്റിയെന്ന് പറയുന്നത് 50,000 രൂപ. അങ്ങനെ വരുമ്പോൾ കള്ളക്കടത്തു നടത്തുന്ന ആള് അതങ്ങ് പോകട്ടേ എന്ന് കരുതും. കള്ളക്കടത്ത് വ്യാപകമായി നടത്തുന്നതിനുള്ള പ്രോത്സാഹനമാണ് ഇത്തരത്തിലുള്ള നിയമനിർമ്മാണം വഴി ഉണ്ടാകുന്നത്. അതിന് ന്യായമായ വിധത്തിൽ ഇതിന് തുക നിശ്ചയിക്കണം. 5,000 രൂപയോ 7 ഇരട്ടി ടാക്സോ ഇതിൽ ഏതാണ് കൂടുതൽ അതനുസരിച്ച് പെനാൽറ്റിയിൽ മാറ്റം വരുത്തണം എന്നതാണ് എന്റെ 150-ാമത്തെ ഭേദഗതി.

എന്റെ 172-ാമത്തെ ഭേദഗതിയിൽ പിടിച്ചെടുത്ത സാധനങ്ങൾ, വെസൽസ്, വെഹിക്കിൾസ് ഇതെല്ലാംതന്നെ, 30 'ഇ' (10) പ്രകാരം Shall west in Government, ഗവൺമെന്റിന്റെ കൈവശം ഇരിക്കുന്നതിനെത്തുടർന്ന് എന്ത് ചെയ്യണമെന്നതാണ്. നമ്മുടെ സംസ്ഥാനത്തെ നിരവധി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് ഓഫീസുകളിലും സെയിൽസ് ടാക്സ് ഓഫീസുകളിലുമൊക്കെ പിടിച്ചെടുത്തിട്ടുള്ള സാധനങ്ങൾ കെട്ടിക്കിടന്ന് നശിക്കുകയാണ്, വെഹിക്കിൾസ് കിടന്ന് ദ്രവിക്കുകയാണ്. കോടതി തന്നെ ഒരുപാട് വിധികളിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, പിടിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത് ഗവൺമെന്റിന് ലാഭമുണ്ടാക്കണം. അതുകൊണ്ട് ഞാൻ പറയുന്നത് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ശ്രദ്ധിക്കണം. ഇത് വേഗം ചെയ്ത് സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടി കൊടുക്കണം.

ശ്രീ. പി.ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(126) In section 30 E (1) of the principal Act proposed to be inserted by clause 5 after the word "empowered" add the words "by the Government".

(155) At the end of the Third proviso to Section 30E (4) of the principal Act proposed to be inserted by Clause 5, add the following "after realising a penalty as may be prescribed".

മി. സ്പീക്കർ: ശ്രീ. വി. ബാലറാം, Not there.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(130) In the "Note" to sub-section (1) of section 30 E of the principal Act proposed to be inserted by clause 5 substitute the word "documents" by the word "permit".

(174) In Section 30 F of the principal Act proposed to be inserted by Clause 5 insert the words "the amount of Penalty under Section 30 E together with the expenses or incidental charges from" in between the words "remit" and "the sale proceeds"

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോൾ സാധനം സംസ്ഥാനത്തിന് അകത്തേയ്ക്കോ പുറത്തേയ്ക്കോ കൊണ്ടുപോകുന്ന സമയത്ത് രണ്ട് ഡോക്യുമെന്റ് സിനെക്കുറിച്ച് പറയുന്നുണ്ട്. ഇതിൽ പറയുന്നത്, shall carry with him in addition to the documents prescribed under section 29 of the Act, a permit issued by the officer empowered in this behalf or the assessing authority അതായത് ഇപ്പോൾ വാലിഡ് പെർമിറ്റുള്ള ഒരാൾ വാലിഡ് പെർമിറ്റ് കയ്യിൽ വച്ചത് കൊണ്ടായില്ല, ഈ ഡോക്യുമെന്റ് സില്ലെങ്കിൽ അയാൾ കള്ളക്കടത്ത് നടത്തുന്നതായിട്ട് വരും. എന്റെ ഭേദഗതി section 30 E of the principal Act proposed to be inserted by clause 5 substitute the word "documents" by the word "permit". വാലിഡ് പെർമിറ്റുള്ള ഒരാൾക്ക് മറ്റ് ഡോക്യുമെന്റ് സില്ലെങ്കിലും അത് കള്ളക്കടത്തായികൂടാ എന്നുള്ളതാണ് ഒന്ന്, രണ്ട്, പെരിഷബിൾ ഗുഡ്സിനെക്കുറിച്ചാണ് 174-ൽ പറയുന്നത്. പച്ചക്കറിയൊക്കെ കൊണ്ടുവരുന്ന സമയത്ത് അത് ലേലം ചെയ്ത് വിൽക്കാൻ വേണ്ടിയുള്ള അവകാശം ബന്ധപ്പെട്ട ഉദ്യോഗസ്ഥനുണ്ട്. അങ്ങനെ ലേലം ചെയ്ത് കിട്ടുന്ന തുക ഒന്നാകെ ട്രഷറിയിൽ അടയ്ക്കണം. ട്രഷറിയിൽ അടച്ചാൽ പിന്നെ പോയില്ലേ ? ഇതിന്റെ പൈനും മറ്റ് അനുബന്ധ ചെലവുകളും മാത്രമായിട്ട് ട്രഷറിയിൽ അടയ്ക്കുകയും മറ്റുള്ള ഭാഗം ഓഫീസർ കൈവശം വയ്ക്കുകയും ഡിസ്പോസ് ചെയ്യുന്ന സമയത്ത് അത് തിരിച്ച് കൊടുക്കുകയും ചെയ്യുക എന്നുള്ളത് നിരുപദ്രവകരമായിട്ടുള്ള ഒരു ഭേദഗതിയാണ്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, Not there.

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(136) In Sub Section (3) of Section 30E of the principal Act proposed to be inserted by Clause 5 for the words "has reason to suspect" the words "is of the opinion" shall be substituted.

(140) In Sub Section 4 of the Section 30E of the principal Act proposed to be inserted by clause 5 for the words "reasonably suspected to be false" may be substituted by the words "is of the opinion."

(152) In the third proviso to Section 30E(4) of the principal Act proposed to be inserted by Clause 5 the words "7 days" to be substituted by the words "15 days".

(159) In Section 30E(5) of the principal Act proposed to be inserted by Clause 5 after the words "notified goods" in the last line, the following words shall be added "after giving due notice in writing to the owner of the vehicle or vessel".

(167) In the provision of sub section (8) of Section 30E proposed to be inserted by Clause 5, the word "had" occurring after the words "the applicant" shall be substituted by the words "was prevented by".

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ ഒരു പ്രധാന ഉദ്ദേശം സ്മാൾ സ്കെയിൽ ട്രെഡേഴ്സിനെ സംരക്ഷിക്കുന്നതായിരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. 2,500 രൂപ എന്നുള്ളത് 10,000 രൂപയെങ്കിലുമാക്കണം. എന്നുപറഞ്ഞത് അതിന്റെ അടിസ്ഥാനത്തിലാണ്. എന്നുമാത്രമല്ല, ഇത് കൂടുതൽ കളളക്കടത്ത് വ്യാപിക്കാനും നികുതി അടയ്ക്കാതിരിക്കാനും മറ്റ് പല പഴുതുകളിലൂടെ സാധനങ്ങൾ കടത്തിക്കൊണ്ട് പോകാനുമുള്ള സാദ്ധ്യതകൾക്ക് വഴിയൊരുക്കുകയാണ്. അമിതമായ വിധത്തിൽ പിഴയും പിഴയുടെ മേൽ പിഴയും അതുപോലെതന്നെ കൂടുതൽ അധികാരം ഉദ്യോഗസ്ഥൻമാർക്ക് കൊടുത്താൽ പിഴ ഉൾപ്പെടെയുള്ള സംഖ്യയൊക്കെ ഈടാക്കി നേരത്തെ ഇവിടെ ചർച്ചയിൽ സൂചിപ്പിച്ചതുപോലെ കൂടുതൽ കൈക്കൂലി വാങ്ങി ഇവർക്ക് രക്ഷപ്പെടാൻ സഹായിക്കുന്ന പഴുതുകൾ കൊടുത്തിരിക്കുകയാണ്. ഈ നിയമം മൊത്തത്തിൽ വരുമ്പോൾ സ്മാൾ സ്കെയിൽ ട്രെഡേഴ്സിനെ സംരക്ഷിക്കുന്നതല്ല കൂടുതൽ ബുദ്ധിമുട്ടിക്കുന്നതായിട്ടാണ് ഈ വകുപ്പുകളൊക്കെ വന്നിരിക്കുന്നത്. പാക്കിംഗ് കെയ്സ് ഇൻഡസ്ട്രി കേരളത്തിൽ വളരെ പ്രശസ്തമായിരുന്നതാണ് ഞാനൊരു പ്രധാനപ്പെട്ട ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. പാക്കിംഗ് കെയ്സ് പ്രത്യേകിച്ച് തൃശ്ശൂർ, എറണാകുളം ജില്ലകളിലൊക്കെയുള്ള പെട്ടികളാണ് കാശ്മീരിലേക്ക് ഉൾപ്പെടെ തക്കാളി, ആപ്പിൾ എന്നിവ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്നത്, ഇപ്പോൾ ആ ഇൻഡസ്ട്രി തകർന്നുപോയി. ഇതുപോലുള്ള നിയമങ്ങൾ മൂലം ചില ബുദ്ധിമുട്ടുകൾ അവർക്ക് ഉണ്ടാക്കി. അതുപോലെ ടൈൽസ്, അതൊന്ന് സൂക്ഷ്മമായി പഠിച്ച് വേണം അല്ലെങ്കിൽ കേരളത്തിലെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയും ട്രെയ്ഡിംഗുമൊക്കെ അവസാനിപ്പിക്കുന്ന രീതിയിലാകും ഈ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചാൽ ഉണ്ടാകുന്നത്. അതുകൊണ്ട് പ്രൊട്ടക്റ്റ് ചെയ്യാനുള്ള വ്യവസ്ഥകൾക്ക് ഊന്നൽ കൊടുക്കണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഞാൻ 138-ാം നമ്പർ ഭേദഗതി ഒരൽപ്പം മാറ്റത്തോടുകൂടി അവതരിപ്പിക്കുന്നു.

(138) In Section 30E (3) of the principal Act proposed to be inserted by Clause 5 the words "unreasonable" shall be deleted.

unreasonable എന്നുള്ളത് delete ചെയ്യണമെന്നുള്ളതോടൊപ്പം ഇതിൽ തന്നെ suspect എന്നുള്ള വാക്കിന് പകരം believe എന്നാക്കണം എന്ന് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുമ്പോൾ അഭിപ്രായപ്പെടുകയാണ്. unreasonable delay എന്നുപറയുമ്പോൾ ഒരു reasonable delay ഉണ്ടാകാം എന്നൊരു ധ്വനി വരുന്നു. അതുകൊണ്ടാണ് unreasonable ഡിലീറ്റ് ചെയ്യണമെന്ന് പറയുന്നത്. എന്റേത് സ്വീകരിക്കാൻ വിഷമമാണെങ്കിൽ അതേ ആശയമുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി ഉണ്ടല്ലോ, immediately എന്നുള്ളത്. അത് സ്വീകരിച്ചാലും മതി. പക്ഷേ unreasonable മാറ്റിയാൽ സംഗതി ശരിയാകും. പിന്നെ suspect മാറ്റി believe എന്നുകൂടി ചേർക്കണമെന്ന് പറയുന്നത് വേറെയൊന്നുമല്ല, സംശയത്തിന് ഒരിക്കലും ലീഗൽ പ്രൊട്ടക്ഷൻ കിട്ടില്ല. ഉത്തമവിശ്വാസത്തോടുകൂടി എടുക്കുകയാണെങ്കിൽ മാത്രമേ നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് 138-ാം ഭേദഗതി ഒരു പെരിയ മാറ്റത്തോടുകൂടി suspect, believe ആക്കി മാറ്റണം, unreasonable കളയണം എന്ന സമ്പ്രദായത്തിൽ ഞാൻ അവതരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ശ്രീ. കെ.സി. ജോസഫ്, Not there

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(144) In the second proviso to Section 30E(4) of the principal Act proposed to be inserted by Clause 5, in the fifth line substitute the words "five times of" for the word "thrice".

മി. സ്പീക്കർ: ശ്രീ. പി. കെ. കെ. ബാവ, Not there

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(157) In Section 30E(5) of the principal Act proposed to be inserted by Clause 5 delete the following words "and the authorised officer has reason to believe that the owner or the person in charge of the vehicle.....connivance of the owner of the goods".

ഇതിലെ പ്രശ്നം 30 ദിവസമായിട്ടും അതിന്റെ authorised officer-ക്ക് ഈ സീസ് ചെയ്ത സാധനത്തെ സംബന്ധിച്ചിടത്തോളം, അതിൽ തന്നെ പറയുന്നത്, has reason to believe എന്നാണ്. 30 ദിവസമായിട്ടും അങ്ങനെയൊരു വിശ്വാസത്തിന്റെ പ്രശ്നം എടുക്കേണ്ട കാര്യമില്ല. എന്തായാലും അതിന്റെ ഡോക്യുമെന്റ്, പെർമിറ്റ് ഇതൊക്കെ ഉണ്ടാകും. അതുകൊണ്ട് അത് ഡിലിറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(161) In the proviso to Section 30E (6) of the principal Act proposed to be inserted by clause 5

(1) after the words "owner of the goods" add "and twice the amount of tax due".

(2) for "Rupees one lakh" substitute "fifty thousand Rupees".

(162) In the proviso to Section 30E (6) of the principal Act proposed to be inserted by Clause 5

(1) in the tenth line "after vehicle or vessel" add "be given an opportunity to".

(2) in the 6th line "after evaded" add "and twice the amount of tax".

(3) for "Rupees one lakh" substitute "fifty thousand rupees".

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(165) In Section 30E (8) proposed to be inserted in the principal Act by Clause 5, the word "thirty" shall be substituted by the word "fifteen".

(169) In section 30E(9) proposed to be inserted in the principal Act by Clause 5, the word "thirty" may be substituted by the word "fifteen".

(175) In Clause 5, proposed to be inserted after 30 D of the principal Act following may be added as 30F (2).

"(2) The authorised Officer may direct the Sale of the Vehicle/Vessels so confiscated within one year from the date of confiscation and remit the proceeds into the Government Treasury."

30 F (2) may be renumbered as 30 F (3).

(176) The Section 30F (2) of the principal Act proposed to be inserted after 30 D of the Principal Act, by clause 5 may be changed as follows :

"(3) The Authorised Officer may deal with the proceeds of the Sale of goods/Vehicles/Vessels under Sub-Sections (1) and (2) in the same manner as he might have dealt with the goods/Vehicles/Vessels, if it had not been sold".

പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷനിൽ കിടന്ന് നശിച്ചുപോവുകയാണ്. അത് ലിമിറ്റഡ് ടൈം കഴിഞ്ഞാൽ ഡിസ്പോസ് ചെയ്ത് പണം ബന്ധപ്പെട്ടവരിലേയ്ക്ക് അടയ്ക്കണം. അപ്പീൽ പ്രൊവിഷന് 30 ദിവസം കൊടുക്കാൻ പറ്റില്ല, അത് 15 ആയി ലിമിറ്റ് ചെയ്യണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 139-ാം ഭേദഗതി, വാഹനത്തിന്റെ ഡ്രൈവർ മാത്രമല്ല 5-ാം വകുപ്പനുസരിച്ച് വാഹനത്തിന്റെ ഉടമസ്ഥനും വസ്തുക്കളുടെ ഉടമസ്ഥനും വാഹനത്തിന്റെ ചുമതലയുള്ള വ്യക്തിയും ഈ നടപടിയ്ക്ക് വിധേയരാണ്. അതിനാൽ ഈ ഭേദഗതി ആവശ്യമില്ല. അതുപോലെതന്നെ ശ്രീ. കോടിയേരിയുടെ 112, വ്യാജ സ്പിരിറ്റ് പിടിക്കാനുള്ള വ്യവസ്ഥകൾ ഇപ്പോൾ തന്നെയുണ്ട്. ഈ വകുപ്പിൽ ഉദ്ദേശിച്ചിട്ടുള്ളത് പ്രധാനമായും കേരളത്തിൽ ഉണ്ടാകുന്ന കാർഷികോൽപ്പന്നങ്ങളുടെ കള്ളക്കടത്ത് തടയാനാണ്. ഇതിൽ 110-ാം ഭേദഗതിയുടെ ആവശ്യമില്ല. തേയില ഇപ്പോൾ തന്നെ ഇവിടെ വിറ്റ് പോകുന്നില്ല. തേയിലയെ സംബന്ധിച്ചിടത്തോളം കള്ളക്കടത്തിന്റെ പ്രശ്നം വരുന്നില്ല. ഇവിടെത്തന്നെ വാങ്ങാൻ ആളില്ലാത്തപ്പോൾ നമുക്കറിയാമല്ലോ അതിന്റെ സ്ഥിതിയെന്താണെന്ന്? ശ്രീ. എ.കെ. ബാലന്റെ 119-ാം ഭേദഗതി, വളരെ ചുരുങ്ങിയ വിലയ്ക്കുള്ള സാധനങ്ങളും കണ്ടുകെട്ടാം എന്ന വാദം ശരിയല്ല. 2,500 രൂപയിൽ കൂടുതൽ വിലയുള്ള സാധനങ്ങൾക്കേ 30(ഇ) വകുപ്പ് ബാധകമാവുകയുള്ളു. ശ്രീ. എം.വി. ജയരാജന്റെ 124-ാം ഭേദഗതി, 30(ഇ) വകുപ്പിൽ പറയുന്ന സാധനങ്ങൾ ഏതൊക്കെ എന്നുള്ള വ്യവസ്ഥ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം മുഖേന കൊണ്ടുവരേണ്ടതാണ്. ഈ അധികാരം വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല. അത് ഗവൺമെന്റ് ചെയ്യേണ്ടതാണ്. അതുകൊണ്ട് ഭേദഗതികൾ വരുത്തേണ്ട ആവശ്യമില്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 110, 112, 132, 134, 137, 139, 158, 160, 168, 171 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 118,154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 122, 129, 151, 163, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 123, 125, 142, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 124, 150, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 126, 155 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 130, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. രാജേന്ദ്രൻ അവതരിപ്പിച്ച 136, 140, 152, 159, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. മോഹനൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 161, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തേനാനൂർ രവി അവതരിപ്പിച്ച 165, 169, 175, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

6-ാം വകുപ്പ്

മി.സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ്, Not there

Shri A.K. Balan : Sir, I move the following amendment :

(178) In the new Sub-Section (iii) of Section 31 of the principal Act proposed to be inserted by clause 6, delete the words "Value of rupees two thousand and five hundred or such".

ശ്രീ. തമ്പാനൂർ രവി : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(179) In the new Sub-Section (iii) of Section 31 of the principal Act proposed to be inserted by clause 6, the words "two thousand and five hundred" may be substituted by the words "one thousand".

മി. സ്പീക്കർ : ശ്രീ. യു. സി. രാമൻ, Not there.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ 186-ാമത്തെ ഭേദഗതി ബാലൻ അവതരിപ്പിച്ചതിന് സമാനമായിട്ടുള്ളതായതുകൊണ്ട് അവതരിപ്പിക്കുന്നില്ല.

Shri M.V. Jayarajan : Sir, I move the following amendment :

(188) In the new Sub-Section (iii) of Section 31 proposed to be inserted in the principal Act by clause 6, substitute the words "Ten thousand" for the words "two thousand and five hundred."

ഇതിൽ സെക്ഷൻ 30 (ii)യും സെക്ഷൻ 31 ഉം തമ്മിലുള്ള ഒരു വൈരുദ്ധ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആ വൈരുദ്ധ്യം നമ്മുടെ നിയമനിർമ്മാണത്തെത്തന്നെ വിഷമമുണ്ടാക്കുന്നതാണ്. ഇതിനകത്ത് കാർഷിക ഉല്പന്നങ്ങളും പെടുകയാണ്. കാർഷിക ഉല്പന്നങ്ങൾക്ക് 2500 രൂപ പരിധി നിശ്ചയിച്ചിട്ടില്ല. 30(ii) പ്രകാരം അത് ബാധകമല്ല. 31 പ്രകാരം അതിനെപ്പറ്റി ഒന്നും പറയുന്നില്ല. പരിധി പതിനായിരം രൂപയായിട്ട് വർദ്ധിപ്പിക്കാൻ വേണ്ടിയിട്ടാണ് ഇങ്ങനെ ഒരു ക്ലോസ് കൊണ്ടുവന്നിട്ടുള്ളത്. അതിന്റെ ഫലമായി വരാൻപോകുന്ന ഒരു കാര്യം പെർമിറ്റ് കൊടുത്തു കള്ളക്കടത്തുവഴി കൊണ്ടുവന്നിട്ടുള്ള സാധനങ്ങളെ ഒഴിവാക്കാൻ വണ്ടി പിടിച്ചിടുന്നതും സാധനങ്ങളെല്ലാം കണ്ടുകെട്ടുന്നതും നടപടികൾ ഒഴിവാക്കുന്നിടത്തും കാര്യങ്ങളെത്തും. അതുകൊണ്ട് സെക്ഷൻ 29 പ്രകാരം ഇപ്പോൾ നിലവിലുള്ള സെയിൽസ് ടാക്സിലെ വ്യവസ്ഥ പ്രകാരം ടാക്സ് ഈടാക്കാൻ വേണ്ടിയിട്ട് കഴിയുന്ന നിലമാത്രമാണ് ഉണ്ടാക്കാൻ പോകുന്നത്. അതുകൊണ്ട് 188-ാമത്തെ ഈ അമന്റ്മെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ എന്റെ 190-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(190) In Sub-Section (iii) to Section 31 proposed to be inserted by Clause 6, substitute the words "Twenty thousand" for the words "Two thousand and five hundred".

LIBRARY ARCHIVES Kerala Legislative Assembly

2500 ന് പകരം 20,000 ഇൻസർട്ട് ചെയ്യണം.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ എന്റെ 191-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(191) In the new Sub-Section (iii) of Section 31 proposed to be inserted in the principal Act by clause 6, substitute the words "Twenty five thousand" for the words "Two thousand and five hundred."

ധനകാര്യവും എക്സൈസ്സും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ഈ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 179 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 191-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു. ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ 192-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(192) In Sub-Clause (2) of Clause 7, after the words "have been done or taken" insert the following words "or deemed to have been taken".

any thing done or any action taken shall done or taken എന്നാണ് കൊടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഇതിനൊരു മാറ്റം വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. or deemed to have been taken എന്നാക്കി മാറ്റണം. അല്ലെങ്കിൽ ഓർഡിനൻസ് അനുസരിച്ച് എടുത്ത നടപടികൾക്ക് സാധൂകരണം ഇല്ലാത്ത ഒരു അവസ്ഥവരാൻ ഇടയുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ ഒന്ന് റീകാസ്റ്റ് ചെയ്യണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഇത് റീകാസ്റ്റ് ചെയ്യേണ്ട ആവശ്യമില്ല. because ഇപ്പോൾത്തന്നെ ഈ പറഞ്ഞ അർത്ഥം അതിനുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു. ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഞാൻ എന്റെ 193-ാം നമ്പർ ഒഫിഷ്യൽ അമന്റ്മെന്റ് മൂവ് ചെയ്യുന്നു.

(193) In sub-clause (2) of Clause 1, for the words and figures "and sections 3 and 4 of this Act shall be deemed to have come into force on the 5th day of August, 2002", the words and figures "section 3 of this Act shall be deemed to have come into force on the 5th day of August, 2002 and section 4 of this Act shall be deemed to have come into force on the 29th day of July, 1996" shall be substituted.

ശ്രീ. എം. വി. ജയരാജൻ : സർ, 193-ലെ ഒരു അമന്റ്മെന്റ് അങ്ങേയ്ക്ക് എഴുതിതന്നു. എഴുതിത്തരാൻ എന്നെ പ്രേരിപ്പിച്ച ഒരു കാര്യം ഇപ്പോൾ സെക്ഷൻ 4 ന് കൊടുക്കുന്ന പ്രാബല്യം എന്നു പറയുന്നത് 1996 ജൂലൈ 29 മുതലാണ്. ഏഴുവർഷത്തെ മുൻകാല പ്രാബല്യം കൊടുക്കുകയാണ്. ഇതിന്റെ ഫലമായി നമ്മുടെ റവന്യൂ വരുമാനം ഒരുപാട് നഷ്ടപ്പെടാനാണ് സാധ്യത. അതുകൊണ്ട് ഇത് ആർബിട്രറിയായിട്ട് ഉപയോഗിക്കാൻ സാധ്യതയുണ്ട്. ഏഴ് വർഷം മുൻകാല പ്രാബല്യം ഒരു സെക്ഷന് കൊടുത്തിട്ടുള്ളത് നമ്മുടെ ടാക്സിന് നഷ്ടം ഉണ്ടാകുന്ന ഒന്നാണെന്നുള്ളതുകൊണ്ട് ഞാൻ മൂവ് ചെയ്യുന്ന കാര്യം 2002 ആഗസ്റ്റ് മുതലുള്ള ഒരു പ്രാബല്യം മാത്രമേ ഈ സെക്ഷൻ 4 ന് കൊടുക്കാൻ പാടുള്ളൂ.

മി. സ്പീക്കർ : ഭേദഗതി നമ്പർ 193 ഓർഡറിലല്ല. ഭേദഗതി നമ്പർ 89 വേണമെങ്കിൽ അവതരിപ്പിച്ച് സംസാരിക്കാം.

ശ്രീ. എം. വി. ജയരാജൻ : Sir, I move the following amendment :

(89) In the preamble substitute the words "for the purpose hereinafter appearing" by the words "taking into consideration the basis of the decision of the Hon. High Court".

89-ൽ മറ്റൊന്നുമില്ല. ഉദ്ദേശിച്ച കാരണങ്ങളുടെ വിവരണത്തിൽ വിവരിച്ചത് പോലെ ഇതിനകത്ത് imposing additional sales tax എന്നുപറഞ്ഞിട്ട്, ആ ഭേദഗതി അംഗീകരിക്കണമെന്നുള്ളതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഇത് അംഗീകരിക്കേണ്ടതായിട്ടുള്ള ആവശ്യമില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതു വില്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതു വില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ആദ്യമായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനു വിയോജനക്കുറിപ്പു നൽകിയിട്ടുള്ള അംഗങ്ങൾ ചുരുക്കി സംസാരിക്കണം. ഇന്ന് ഉച്ചകഴിഞ്ഞും നമ്മൾ ഇരിക്കുമെന്നു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽത്തന്നെ തീരുമാനിച്ചിട്ടുണ്ട്. അതല്ല ഇപ്പോൾ പാസ്സാക്കാമെങ്കിൽ പാസ്സാക്കാം.

ഡോ. തോമസ് ഐസക് : സർ, നമ്മൾ ഇന്ന് സഭയിൽ ചർച്ച ചെയ്യുന്ന രണ്ട് ബില്ലുകളിൽ ഞങ്ങൾ പൊതു വില്പന നികുതി രണ്ടാം ഭേദഗതിക്ക് ഡിസെന്റ് രേഖപ്പെടുത്തിയില്ല. നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങളാണ് നിയമത്തിൽ ഉൾക്കൊള്ളിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly